# വികടകേസരി



ഒററപ്രതി 4 അണ

PHONE: 2911. TEL: "SELVAM."

**T.S.S. MANI & CO;**

...JEWELLERS...
Main Road
TRIVANDRUM

*Guaranteed For*
**GOLD JEWELS**
and
...SILVER WARES...

by.. C.K.Raja...

## വില്ലൻ ചുമ സംഹാരി

നീലങ്കാരി ചുമ, മുപ്പിറച്ചുമ, തൊണ്ണൂറാംകര വില്ലൻചുമ **എന്നീ** പേരുകളാൽ അറിയപ്പെടുന്നതും അനേകായിരം കുഞ്ഞുങ്ങളെ നിത്യവും ക്ലേശപ്പെടുത്തി കൊണ്ടിരിക്കുന്നതുമായ വില്ലൻചുമയുടെ ഏതു അവസ്ഥയിലും ഉപയോഗിക്കാവുന്ന അനുഗ്രഹീതമായ ഒരു സിദ്ധൌഷധമാണ് വില്ലൻ ചുമ സംഹാരി.

ശ്രീ ചിത്രാ ആയുർവേദഫാർമസി
T. B. ജംഗ്ഷൻ കൊല്ലം.
P. K. N. വൈദ്യൻ

---

**ഫോൺ നമ്പർ 2278**

## റീഗൽ കഫേ

തിരുവനന്തപുരത്തു വരുമ്പോൾ പട്ടണത്തിൻെറ മഹനീയതയ്ക്കു മാററുകൂട്ടുന്ന റീഗൽ കേഫ് സന്ദർശിക്കുവിൻ.

**Prop: P. വേലായുധൻ.**

---

## ദേശബന്ധു ആയുർവേദഫാർമസി & നേത്രചികിത്സ

കൊശവൂർ ജംഗ്ഷൻ, പാലോട്—പച്ച.

എത്ര പഴക്കമേറിയ രോഗമായാലും ശാസ്ത്രരീത്യാ രോഗികളെ ഇവിടെ പരിശോധിച്ചു ചികിത്സിക്കുന്നതാണ്.

---

## A. GOPINATHAN

**JEWELLER & DIAMOND MERCHANT**

S PARAVUR :: T. C S.

പരിപൂർണ്ണ ഉത്തരവാദിത്വം! മിതമായ വില. സ്വർണ്ണം, വെള്ളി, കല്ലുകൾ ഇവകൊണ്ടുള്ള ആഭരണങ്ങൾ പരിഷ്കൃതമായ രീതിയിൽ കൃത്യനിഷ്ടയോടുകൂടി ഇവിടെ ചെയ്തു കൊടുക്കപ്പെടുന്നതാണ്.

**P. S. കൂടാതെ റെഡിമേഡായും ഇവിടെ ലഭിക്കുന്നതാണ്.**

മുഖചിത്രം— B. S. സരോജ.

പത്രാധിപർ:- ഉള്ളൂർ ആർ. കൃഷ്ണൻനായർ

# വികടകേസരി

(രാഷ്ട്രീയവിനോദമാസിക)

വാല്യം 3 } തിരുവനന്തപുരം. 1952 ജൂൺ { ലക്കം 7

കേസരിവീക്ഷണം

## അപ്പിടിയാ!!

കമ്മ്യൂണിററിപ്രോജക്റ്റിൻെറ അഡ്മിനിസ്റ്റ്രേറററായ മി. ഡേ, ഒരു അമേരിക്കനല്ലെന്നു തെളിയിക്കണമെന്നു ഗൗരവപൂർവ്വം ആവശ്യപ്പെട്ടുകൊണ്ടു നമ്മുടെ സ: പി. ററി. പുന്നൂസ്, പ്ലാനിംഗ് മന്ത്രി ഗുൽസാരിലാൽ നന്ദയുടെനേർക്ക് ഈ കഴിഞ്ഞ മേയ് 19-ാം തീയതി പാർലമെൻറു നടന്നുകൊണ്ടിരിക്കെ ചാടി എഴുന്നേററതും, സഖാവിൻെറ അജ്ഞത കണ്ടു് സകലരും പൊട്ടിച്ചിരിച്ചതും, സഖാവു് ആ കൊല്ലുന്ന ചിരിയിൽനിന്നു രക്ഷനേടാൻ ബെഞ്ചിൻെറയും ഡെസ്കിൻെറയും കീഴുള്ള അണ്ടർഗ്രൗണ്ടിൽ മറഞ്ഞതും നിങ്ങൾ അറിഞ്ഞിരിക്കുമല്ലോ? ഞങ്ങളുടെ കഴിഞ്ഞ ലക്കത്തിലെ മുഖപ്രസംഗത്തിൽ (അസംബ്ളിയിലെ പ്രതിപക്ഷം) ഒരു മമ്മദുമുതലാളിയുടെ 'വസവേദാന്തം' ഞങ്ങൾ ഉദ്ധരിച്ചിരുന്നതിലേക്കു വായനക്കാരുടെ ശ്രദ്ധയെ ഈ അവസരത്തിൽ ഞങ്ങൾ ക്ഷണിച്ചുകൊള്ളുന്നു. ഏതുകാര്യവും പഠിക്കാതെ കേവലം വൾകൊണ്ടു സാധിക്കാവുന്നതേ ഉള്ളു എന്ന സിദ്ധാന്തക്കാരനാണു ബഹുമാനപ്പെട്ട മമ്മദു മുതലാളി. രാഷ്ട്രീയംവെറും മൂക്കുത്തുൾപോലെ മണത്തുകൊണ്ടു നടക്കുന്ന നമ്മുടെ നേതാക്കന്മാരിൽ പലർക്കും കൂട്ടക്ഷരങ്ങളോടും, പുസ്തകങ്ങളോടും, പള്ളിക്കൂടങ്ങളോടും വലിയ വെറുപ്പാണെന്നും ഞങ്ങൾ നേരത്തേ പറഞ്ഞു കഴിഞ്ഞു. സി. പി. രാമസ്വാമി അയ്യരുടെ കാലത്തു് ഇവിടെ ശ്രീ. പി. ററി. പുന്നൂസ് ഉൾപ്പെടെയുള്ള നേതാക്കന്മാർ പള്ളിക്കൂടങ്ങൾ തീവച്ചു നശിപ്പിച്ച കാര്യം അറിയാവുന്നവർക്കു മി. ഡെ ഒരു ഇൻഡ്യാക്കാരനാണെന്നുള്ള കാര്യം പി. ററി. പുന്നൂസിനു പിടികിട്ടാതെ പോയതിൽ അത്ഭുതം തോന്നാനില്ല. കടയ്ക്കാവൂർക്കാരൻ മി: കുഞ്ഞുരാമൻ തിരുവിതാംകൂർ കൊച്ചി സംസ്ഥാനത്തു് വിദ്യാഭ്യാസമന്ത്രിയായിരുന്നതു സഹിച്ച നാട്ടുകാർ എന്തുകൊണ്ടു മി. പി. ററി. യുടെ അജ്ഞതകേട്ടു ചിരിക്കുന്നു. മി. കുഞ്ഞുരാമൻമന്ത്രി രാജപ്രമുഖനെ കാണാൻ ചെന്നതും പ്രാഥമികവിദ്യാഭ്യാസപദ്ധതിയെപ്പററി ചോദ്യം വീണതും, പല്ലിളിച്ചതും, മഞ്ഞളിച്ചതും, വിയർത്തതും, വെള്ളം കുടിച്ചതുമൊക്കെ അറിയുന്നവർ സഖാവിനെ പരിഹസിക്കുന്നതു ഹീനമായ പക്ഷപാതവും കമ്മ്യൂണിസ്റ്റുവിരോധവുമല്ലേ—പിന്നെ അതൊന്നും ഞങ്ങൾ പറഞ്ഞു വഴക്കുണ്ടാക്കാൻ വിചാരിക്കുന്നില്ല.

ഈ ഗുലുമാലുപിടിച്ച കാര്യങ്ങൾ എല്ലാം വള്ളി പുള്ളി വിസർഗ്ഗങ്ങൾ വിടാതെ ഓർമ്മിച്ചുകൊണ്ടു നടക്കാനല്ല സഖാവിനു നേരമുള്ളതു്. ഡെൽഹിയിലെങ്ങാനും നല്ല മൈതാനമുണ്ടെങ്കിൽ സഖാവിനെയും ആ ഗുൽസാരിലാലിനെയും ഒന്നു് ഇറക്കി നിറുത്തിയാട്ടെ. മൂച്ചു വിടാതെ പതിനെട്ടു മണിക്കൂർ നിന്ന നിലയിൽ നിന്നു പ്രസംഗിക്കാൻ വശമുള്ളവനാണു് പി. ററി. പുന്നൂസ് എന്ന വിവരം അപ്പോൾ ഗുൽസാരിലാലിനു മനസ്സിലാകും. ഭരണം, വകുപ്പു നിയ

FOR FOVOURS RECEIVED

മി. ചിദംബരനാഥനാടാർ



മവും അഭ്യാസവും അനുസരിച്ചു നടത്താനൊന്നും അദ്ദേഹം വിചാരിക്കുന്നില്ല. പാർലമെൻറിൽ വന്നിരിക്കുന്നതു് ആരെല്ലാം അമേരിക്കാക്കാരെന്നും അറിയാനുമല്ല. ഒന്നോർത്താൽ സഖാവിൻെറ ആ ചോദ്യത്തിൽ ഒരു തെററുമില്ല. മി. ഡേ എന്ന ആ മനുഷ്യൻ അമേരിക്കാക്കാരനല്ലെന്നു തെളിയിക്കുന്നതുവരെ പുന്നൂസിനെ സംബന്ധിച്ചിടത്തോളം അദ്ദേഹം അമേരിക്കാക്കാരൻ തന്നെയാണു്.

ഞങ്ങൾ സഖാവു് പുന്നൂസിനെ അനുമോദിക്കുന്നു. കാര്യങ്ങൾ നല്ലവിവരമില്ലാത്തപക്ഷം അങ്ങനെ ഒരു താളത്തിൽ നിൽക്കുന്നതും കൊള്ളാം. നിയമവും ഭരണവും നടപടികളും കണക്കും വയ്യാവേലിയുമൊക്കെ പഠിക്കാൻ ശ്രദ്ധിച്ചിരുന്നു എങ്കിൽ ഇന്നും സഖാവു് പുന്നൂസ് വല്ല അഞ്ചാംക്ലാസ്സിലൊ സെക്കൻഡ് ഫാറത്തിലൊ തോററു തോററു കിടക്കേണ്ടിവന്നേനെ. ദൈവം സഹായിച്ചു. അതിനൊന്നും ഇടവരാതെ പാർലമെൻറു മെമ്പറായി. മി. ഡെ ഇന്ത്യാക്കാരനെന്നു കാൺഗ്രസ്സുകാർ പറഞ്ഞുപരത്തുന്ന നുണ കണ്ണുമടച്ചു വിശ്വസിക്കാത്തതിൽ മി. പുന്നൂസ് കാണിച്ചിരിക്കുന്ന ബുദ്ധി അനുമോദനാർഹം തന്നെയാണു്.

അതിനാൽ മഹാബുദ്ധിശാലികളേ! പ്രതിപക്ഷ രാഷ്ട്രീയക്കാരേ! നിങ്ങൾ നിങ്ങൾക്കു് അറിയാവുന്ന സകല അജ്ഞതകളും പി. ററി. പുന്നൂസിനെ അനുകരിച്ചു് ആണുങ്ങളുടെ മുമ്പിൽ വെളിപ്പെടുത്തുവിൻ. അവ അജ്ഞത ആണെന്നു പറയുന്നവരോടു അങ്ങനെ ആണെന്നു തെളിയിക്കണമെന്നു് ആവശ്യപ്പെടുവിൻ. എന്നിട്ടു് ഏതെങ്കിലുംവിധത്തിൽ കാര്യം മനസ്സിലാകുമ്പോൾ വായ് ആനത്തലയോളം പിളന്നു നിന്നു മൂക്കിൽ വിരൽ വച്ചു പല്ലു മുഴുവൻ വെളിക്കുകാണിച്ചു അപ്പിടിയാ! ശേഷം ചിന്ത്യം.

—o—


## ⟵ ഇപ്പോൾ വന്നുചേന്നു ⟶

★

പുകയില ഹോൾസെയിൽ ഷാപ്പ് - B. ക്ലാസ്സ് L. No. 19

★

കച്ചേരി ജംഗ്ഷൻ—നെടുമങ്ങാട്. P. O.

ഇവിടെ കൂടിയതും കുറഞ്ഞതുമായ പലതരം പുകയിലകൾ, സിഗരററുകൾ, വാസനദ്രവ്യങ്ങൾ, സകലയിനം സ്റ്റേഷനറി സാധനങ്ങളും പലചരക്കു സാമാനങ്ങളും കിട്ടുന്നതാണു്.

പ്രൊപ്പ്രൈററർ.

*Visit:-*

**★ RANGOON TAILORS ★**

Cantonment :: Trivandrum.

# പൊങ്ങച്ചം ഒരു കലയാണ്!

## ഈ. വിയുടെ പേരിൽ കലാകൊലപാതകം!!

പൊങ്ങച്ചം ഇരുപതാംനൂററാണ്ടിലെ ഏററവും വലിയ ഒരു കലയാണ്. ഇതിന്റെ ഉപജ്ഞാതാവായി അറിയപ്പെടുന്നതു് കൗമുദിപത്രാധിപർ കെ. ബാലകൃഷ്ണനാണ്. പത്രത്തിനു പ്രചാരംകിട്ടാൻ പൊങ്ങച്ചം കുറേ അരച്ചുചേർത്താൽ മതിയെന്നു് ഇന്നു് പല മാസികക്കാരും ധരിച്ചുവശായിരിക്കുന്നു. കാക്ക ഏകാദശി നോററതുപോലെ ഇതപകടത്തിലേക്കുള്ള പോക്കാണെന്നു് ഞങ്ങൾ തക്കസമയത്തുതന്നെ മുന്നറിയിപ്പു നൾകുന്നു.

ഈയിടെ കൊല്ലത്തുനിന്നിറങ്ങിയ 'ഈ വി.' എന്ന മാസികയിൽ നിർല്ലോഭം വാരി വിതറിയിരിക്കുന്ന പൊങ്ങച്ചങ്ങൾ അഥവാ വീമ്പടികൾ ആണ് ഇതെഴുതാൻ ഞങ്ങളെ പ്രേരിപ്പിയ്ക്കുന്നതു്. പ്രസ്തുത മാസികയ്ക്കു് ഒരു പരസ്യം കൊടുക്കുകയാണെങ്കിലും ചില സംഗതികൾ വെട്ടിത്തുറന്നു പറയാതിരിക്കാൻ യാതൊരു നിവ്വാഹവുമില്ല.

“ഈ വി.” യുടെ പേരിൽ ഒരു മാസികയിറക്കാൻ തുനിഞ്ഞ ചങ്കൂററത്തെ മാനിയ്ക്കതന്നെ വേണം. മഹാത്മാഗാന്ധി വിലാസം ബാർബർഷാപ്പും നെഹ്റുവിലാസ് സോഡാഫാക്ടറിയുമുള്ള നമ്മുടെ നാട്ടിൽ 'ഈ. വി.' യുടെ പേരിൽ ഒരു മാസികയിറങ്ങിയതിൽ അത്ഭുതപ്പെടേണ്ടതില്ല. പരലോകം പൂകിയ ആ പാവപ്പെട്ട സാഹിത്യകാരൻ ഇതിനെ പ്രതിഷേധിക്കാൻ ഒരിക്കലും താഴോട്ടിറങ്ങി വരുകയില്ലെന്നു് തൽപ്രവത്തകക്കു് ഉറച്ച വിശ്വാസമുണ്ടു്. എങ്കിലും വിനോദത്തിന്റെ പേരും പറഞ്ഞു് ഈ. വി. യുടെ മുഖത്തു കരിതേച്ചു് കോലംകെട്ടി പാവപ്പെട്ട നാട്ടുകാരെ ചൂഷണംചെയ്തു കാശടിക്കാമെന്നുള്ള വ്യാമോഹം തീച്ചയായും അപലപനീയം തന്നെയാണ്.

അവരുടെ നയപ്രഖ്യാപനം വായിച്ചാൽ ഒരു മണിക്കൂർ നേരത്തേക്കു ചിരിക്കാനുള്ള അസംസ്കൃതസാധനംകിട്ടും. ആദ്യമായി ഇന്നത്തെ വിനോദമാസികകളേയും വിനോദ സാഹിത്യകാരന്മാരേയും മുനയില്ലാത്ത ശകാരശരംകൊണ്ടു മുറിപ്പെടുത്തി പടക്കളത്തിൽ വീഴ്ത്തി സ്വന്തം കൊടികുത്താനാണവർ സാഹസപ്പെട്ടിരിക്കുന്നതു്. ഈ. വി. യുടെ മരണത്തിനുശേഷം ഇതുവരെ ഉറങ്ങിക്കിടന്നു പോയതിനാൽ സാഹിത്യത്തിലുണ്ടായ നൂതനപ്രവണതകളേയൊന്നും കാണാതെ തുരുമ്പുപിടിച്ച തോക്കുമേന്തി പരിഹാസ്യമാംവിധത്തിൽ പ്രത്യക്ഷനായിരിക്കുന്ന ഒരു റിപ് വാൻ വിങ്കിളാണ് അതിന്റെ പത്രാധിപരെന്നു് ആ നയപ്രഖ്യാപന കോട്ടുവായിടൽ കണ്ടാൽ ആക്കും മനസ്സിലാകും. യാതൊരു ചുളിവും കൂടാതെ ഇതു കട്ടിയായി പൊങ്ങച്ചം തട്ടിവിടാൻ മററാരേക്കൊണ്ടും സാധിക്കയില്ലെന്നു് ഞങ്ങൾ ആണയിട്ടുപറയാം.

പന്തീരാണ്ടുകൊല്ലംമുമ്പു് 'ശങ്കർ' വരച്ച ഒരു കാർട്ടൂൺ ചുളുവിലടിച്ചെടുത്തു് പൊടിതട്ടിക്കളഞ്ഞു് മുഖചിത്രമാക്കിക്കൊണ്ടാണ് 'ഈ. വി.' യെ അവതരിപ്പിച്ചിരിക്കുന്നതു്. ഉള്ളടക്കം മുഴുവൻ 'ഈ വി'മയം തന്നെ. ഈ. വി. ഒരവതാരപുരുഷനാണെന്നു വരെ ഒരു സ്ഥലത്തു പറഞ്ഞിട്ടുണ്ടു്.

ഈ. വി. യുടെ മരണശേഷം അദ്ദേഹത്തെപ്പററി പ്രചരിച്ചിട്ടുള്ള പച്ചനുണകൾ അസംഖ്യമാണ്. നട്ടാൽ കിളിയ്ക്കാത്ത കള്ളമെഴുതി മെഡൽവാങ്ങിച്ചിട്ടുള്ള 'മുൻഷി' ഈ. വി.യെഒരു മോഷ്ടാവായി ചിത്രീകരിച്ചുകൊണ്ടെഴുതിയ ലേഖനം പരോക്ഷമായി അദ്ദേഹത്തിന്റെ മേലുള്ള ഏററവും വലിയ ഒരധിക്ഷേപമാണ്. ഈ. വി. യുടെ ബന്ധുക്കൾ ഇത്തരം നെറികേടെഴുതുന്നവരുടെ മേൽ മാനനഷ്ടത്തിനു കേസ്സുകൊടുക്കണമെന്നാണ് ഞങ്ങൾക്കു പറയാനുള്ളതു്.

വഗ്ഗീയ പ്രാതിനിധ്യതത്വമനുസരിച്ചു് ഒരു നായർ, ഒരീഴവൻ, ഒരു ക്രിസ്ത്യാനി, ഒരു മുസ്ലീം എന്നിവരുടെ ആശംസകളും ഒടുവിൽ ചേർത്തിട്ടുണ്ടു്. 'ഇതു വഗ്ഗീയമല്ല' എന്നാദ്യം പറഞ്ഞില്ലായിരുന്നെങ്കിൽ അതാരും ഗൗനിക്കുമായിരുന്നില്ല. “ഞങ്ങളുടെ അച്ഛൻ കിണററിൽപോലുമില്ല” എന്നൊരു കുട്ടി കടക്കാരോടു പറഞ്ഞതായി കേട്ടിട്ടുണ്ടു്. അതുപോലെയാണിതും. പി. കെ. കുഞ്ഞിന്റെയും പി. ഒ. എബ്രഹാമിന്റെയും സ്മരണകൾ സ്വന്തം പൊങ്ങച്ചങ്ങളുടെ നാണംകെട്ട വിവരണങ്ങളല്ലേ? ഈ വൃത്തികേടുകളേയെല്ലാം വായനക്കാർ എങ്ങനെ സഹിക്കണമെന്നാണു പറയുന്നതു്. ശാന്തം പാപം.

—o—

VISIT
BHIMA & BROTHER
JEWELLERS
ALLEPPEY

## തിരുക്കൊച്ചി എം. പി. മാർ ഡൽഹിയിൽ

# തെരുവിൽ വെച്ച ലഹള

[പാർലമെൻറ് സമ്മേളനം കഴിഞ്ഞു് ശ്രീകണ്ഠൻനായർ തെരുവിലൂടെ നടക്കുന്നു. എതിരേ പി. ററി. പുന്നൂസു വരുന്നു.]

ശ്രീകണ്ഠൻ:— ങ്ദാ! ഇതാരാ പുന്നൂസല്ല്യോ. ജനാധിപത്യക്കൂട്ടമന്ത്രിസഭയേ കുളപ്പിച്ചു കെടത്തിയോ?

പുന്നൂസ്:— ആർ. എസ്സ്. പി. യേയാണ് കുളപ്പിച്ചു കെടത്തിയതു്.

ശ്രീകണ്ഠൻ:—അപ്പോഠം 'കൂട്ടമന്ത്രിസഭ' ചത്തില്ലേ?

പുന്നൂസ്:—താൻ കുഴിവെട്ടിയെന്നു വിചാരിച്ചു് കൂട്ടമന്ത്രിസഭ ചാകണമെന്നുണ്ടോ?

ശ്രീകണ്ഠൻ:—ചത്തില്ലെങ്കിൽ ഈ ദുർഗ്ഗന്ധം എവിടുന്നു്?

പുന്നൂസ്:—പല്ലുതേയ്ക്കാത്തവരുടെ വായിൽ നിന്നു്.

ശ്രീകണ്ഠൻ:—ആരാണു പല്ലു തേക്കാത്തതു്.

പുന്നൂസ്:—കൊതിയന്മാരും വയറന്മാരും.

ശ്രീകണ്ഠൻ:—പോടാ മാപ്പളച്ചെറുക്കാ, എൻെറ കൈമെനക്കെടുത്താതെ. നീ റോസമ്മയോടു യാത്ര ചോദിച്ചിട്ടാണോ പോന്നതു്.

പുന്നൂസ്:—എടാ ആകാശവയറാ, നിൻെറ അമ്മാവിയപ്പൻ പോലും എന്നെ മാപ്പളച്ചെറുക്കനെന്നു വിളിച്ചിട്ടില്ല.

ശ്രീകണ്ഠൻ—ഭ! വായാടീ! നിൻെറ അമ്മാവിയമ്മ പോലും എന്നേ ആകാശവയറനെന്നുവിളിച്ചിട്ടില്ല.

പുന്നൂസ്:—താനെന്തിനാ പാർലമെൻറിൽ വെച്ചു് എന്നെ കോക്രി കുത്തിയതും കൊഞ്ഞനം കാണിച്ചതും. എ. കെ. ഗോപാലൻ ചേട്ടൻ തടഞ്ഞില്ലായിരുന്നെങ്കിൽ തൻെറ പല്ലു ഞാൻ പറിച്ചേനേ.

ശ്രീകണ്ഠൻ:—അപ്പോഠം കമ്മ്യൂണിസ്റ്റ് മാത്രമല്ല ഒരു ദന്തിസ്റ്റും കൂടാണല്ലേ?

പുന്നൂസ്:—'പത്തൽ രാഷ്ട്രീയ''മുള്ളിടത്തു് ദന്തിസ്റ്റും വേണ്ടിവരും.

ശ്രീകണ്ഠൻ:—വാരിക്കുന്തമെടുക്കുന്നവരോടു പത്തൽ രാഷ്ട്രീയമേ പററൂ.

പുന്നൂസ്:—താൻ ഒരുത്തനാ ഐക്യമുന്നണിക്കു തുരങ്കംവെയ്ക്കുന്നതു്.

ശ്രീകണ്ഠൻ:—അതേ, സമ്മതിച്ചു. നിൻെറയൊക്കെ ഐക്യമുന്നണിയിൽ ഇനി ഞാനും എൻെറ പിള്ളാരുമില്ല. പാർലമെൻറിൽ നിന്നേയൊന്നിനേം ആർ. എസ്സ്. പി. പിന്താങ്ങുകയില്ല.

പുന്നൂസ്:—നെഹ്റുവിൻെറ മിനുമിനുത്ത തൊലി കണ്ടു മതി മയങ്ങിപ്പോയോ?

ശ്രീകണ്ഠൻ:—ആണുങ്ങളേ ബഹുമാനിക്കാൻ ഞങ്ങഠംക്കറിയാം.

പുന്നൂസ്:—പണക്കാരേ എന്നു പറയൂ.

ശ്രീകണ്ഠൻ:—ഭ! ദാരിദ്ര്യവാസീ! ഞാൻ നിന്നേപ്പോലെയുള്ള തെണ്ടിപ്പിള്ളാരുടെ പ്രതിനിധിയല്ല.

പുന്നൂസ്:—ദാരിദ്ര്യവാസീ എന്നൊന്നുകൂടെ വിളിക്കാമോ? തൻെറ തല ഞാൻ കൊയ്യും.

ശ്രീകണ്ഠൻ:—അതിനുള്ള മൂച്ച നിൻെറ അരിവാളിനില്ല.

പുന്നൂസ്:—പൗരുഷമുണ്ടെങ്കിൽ ഒന്നുകൂടെ വിളി.

ശ്രീകണ്ഠൻ:—ദാരിദ്ര്യവാസീ! ദാരിദ്ര്യവാസീ! ദാരിദ്ര്യവാസീ!

(പുന്നൂസ് ശ്രീകണ്ഠൻെറ കാലിൽ ഒരു തട്ടുകൊടുക്കുന്നു. ശ്രീകണ്ഠൻ ചക്ക വെട്ടിയിട്ടതുപോലെ ''ഭള്ളോ'' എന്നു വീഴുന്നു. ആനിമസ്ക്രീൻ ഓടിവരുന്നു.)

മസ്ക്രീൻ:—അയ്യോ! ചതിച്ചോ? ഐക്യമുന്നണിയിൽ വിളിച്ചുതിതിനാരുന്നോ? എടാ കള്ളകമ്മ്യൂണിസ്റ്റേ! തിരുക്കൊച്ചിയിലെ ആർ. എസ്സ്. പി. യെ പുറംകാലു കൊണ്ടു തട്ടിത്താഴെയിട്ടല്ലോ. അപ്പോഠം ഇതെല്ലാം നിൻെറ അടവാരുന്നു അല്ലേ. (മസ്ക്രീൻ ശ്രീകണ്ഠനു കുറച്ചു വെള്ളം കൊടുക്കുന്നു. ശ്രീകണ്ഠൻ കണ്ണു തുറക്കുന്നു.)

—*—



സിലോൺ ''പുരോഗമന കലാസമതിക്കാർ''

ശ്രീ: തിക്കുറിശ്ശി സുകുമാരൻനായക്കു നൽകിയ സ്വീകരണത്തിലെ ഒരു രംഗം.

എക്സ്റേ പരിശോധന

# സഖാവ് പനമ്പള്ളി

എക്സ്റേ പരിശോധന ചെയ്യാൻ ഏററവും പ്രയാസമുള്ള ഒരു പുള്ളിയാണ് പനമ്പള്ളി. ആ കാണ്ടാമൃഗചർമ്മത്തിലൂടെ എക്സ്റേയുടെയല്ല ഇസഡ്റേയുടെ രശ്മിപോലും കടക്കുമെന്ന് സ്വപ്നേപി വിചാരിയ്ക്കണ്ടാ. വല്ല തോണ്ടോ മറേറാ ചതച്ച് അതിയാൻെറ പുറത്തുരച്ചുരച്ച് തൊലി മയപ്പെടുത്തിയതിനു ശേഷമേ പണി പററുന്ന മട്ടുള്ളു.

തൊലിയ്ക്കുമയം വരുത്താനായി അദ്ദേഹം ഇപ്പോഴും 'വെളിച്ചെണ്ണ' ധാര കോരുന്നുണ്ടെന്നാണു കേൾവി. 'അഞ്ചര' നാഴിക വെളുപ്പിനു തന്നെ എണീററ് ശീർഷാസനവും ഗർഭാസനവും മററും ചെയ്യുന്ന പതിവ് ഇപ്പോഴുമുണ്ട്. മഴ പിടിച്ചതോട്ടുകൂടി തൊലി തണുത്തു മയപ്പെട്ടതുകൊണ്ട് എക്സ്റേയുടെ രശ്മികൾ അല്പം അകത്തോട്ടു കടത്താൻ സാധിച്ചു. എത്ര പരിശോധിച്ചിട്ടും ഹൃദയമെന്നൊരു സാധനം കണ്ടില്ല. ഹൃദയത്തിൻെറ സ്ഥാനത്ത് ഒരു ഇരുമ്പു കട്ടിയിരിയ്ക്കുന്നതു കണ്ട് ലേഖകൻ അത്ഭുതപരതന്ത്രനായിപ്പോയി. പിന്നെ ഇദ്ദേഹത്തിൽ കണ്ട ഒരു സംഗതി വളരെ അത്ഭുതകരമായി തോന്നി. തലയിൽ മൂന്നു തലച്ചോറ്! മനുഷ്യൻെറ തലച്ചോറല്ല. പോക്കിൻെറ തലച്ചോറ്! ഇത്ര ബുദ്ധിമാനായിട്ടും കാൺഗ്രസ്സെന്ന ചെളിയിൽ മുങ്ങിക്കിടക്കുന്നതിൻെറ കാരണം ഇപ്പോഴാണു മനസ്സിലായതു്. ഈയുള്ളവൻ മററുള്ള കാൺഗ്രസ്സുകാരുടെയെല്ലാം തലയിൽ എക്സ്റേരശ്മികൾ, പ്രയോഗിച്ചു നോക്കിയിട്ടും തലച്ചോറിൻെറ യാതൊരടയാളവും കണ്ടിട്ടില്ല. എന്നിട്ടും ബുദ്ധിരാക്ഷസനായ പനമ്പള്ളിയ്ക്ക് മൂന്നു തലച്ചോറ്!! കലികാലത്തിൻെറ മറിമായമെന്നല്ലാതെ മറെറന്തു പറയാനാണ്.


പനമ്പള്ളി വിപ്ലവമില്ലാതെ തൊഴിലാളികളെ സ്വർഗ്ഗത്തേക്കുയർത്താൻ ജനിച്ച ഒരഭിനവട്രോഡ്സ്കിയാണ്. ഈയിടെ തന്നെ അദ്ദേഹത്തിൻെറ ഗവൺമെൻറ് മൂന്നിൽപരം പേക്ക് സ്വർഗ്ഗത്തേക്കു പാസ്സ്പോർട്ടുകൊടുത്ത (പശുമലയിൽ വെച്ച്) സംഭവത്തെ ഇവിടെ അനുസ്മരിക്കുന്നു. പക്ഷേ പ്രിയപ്പെട്ട ട്രോഡ്സ്കിച്ചേട്ടാ! തലയിൽ കൂടം കേറാതെ സൂക്ഷിച്ചോളണം. അന്ന് അങ്ങ് ഉള്ളിലുള്ള കാളക്കൂടമെല്ലാം ഛർദ്ദിയ്ക്കും. ബഹുജനവിപ്ലവത്തിൻെറ പാലാഴികടച്ചിലിൽ അല്ലയോ വാസുകിച്ചേട്ടാ! അങ്ങ് ഞെളിപിരിക്കൊണ്ട് അല്പപ്രാണനായി വീണു പോകും.

പ്രിയപ്പെട്ട പനമ്പള്ളിച്ചേട്ടാ! ചരിത്രം നിങ്ങൾക്കു മാപ്പുതരണമെങ്കിൽ ഈ കെട്ട മന്ത്രിപ്പണി ദൂരെക്കളഞ്ഞ് ജനങ്ങളുടെ എരിയുന്ന പ്രശ്നങ്ങളെ കൈകാര്യം ചെയ്യാനായി അവരുടെ മദ്ധ്യത്തേക്കു വരുക! അല്ലെങ്കിൽ സ്വയം നശിയ്ക്കാൻ തയ്യാറാവുക!!

## അറിയിപ്പ്

അഭിപ്രായത്തിന് അയക്കുന്നപുസ്തകങ്ങളുടെ രണ്ടുപ്രതികൾ വീതം അയച്ചിരിക്കേണ്ടതാണ്. അടുത്തലക്കം മുതൽ തുടർച്ചയായി പുസ്തകനിരൂപണങ്ങൾ നിങ്ങൾക്കു വായിക്കാം.

പത്രാധിപർ




ബാർബർ:—(വന്നയാളിനോട്) ഇരിക്കണം സാർ! തലമുടി വെട്ടണോ അതോ ഷേവുചെയ്യണോ!

# പശുമലസംഭവം

(കിരാതൻതുള്ളൽ)

— എം. പി. ശല്പൻ —

പശുമല സംഭവമുര ചെയ്യാനായ്
പശുപതി തുണ ചെയ്തീടണമുടനേ.
പണ്ടൊരു ദൈത്യൻ കാറൽമാർക്സെ-
ന്നുണ്ടായ് വന്നു ഭൂമിയിലൊരുനാൾ.
എല്ലാവരുമൊരു പോലായീടാൻ
മെല്ലെ പഹയൻ പണികൾ തുടങ്ങി.
അവനുടെ ശിഷ്യർ തുരുതുരെ ഭൂമിയി-
ലൊരു നൂറായിരമായിപ്പെരുകി.
അസുരപ്പടകൾ പോലവരെങ്ങും
വസുമതി തന്നിൽ വാസവുമായി.
അവരുടെ ശല്യമൊഴിയ്ക്കാൻ കാൺഗ്രസ്സ്
ദേവന്മാരഥ ശിവനേക്കണ്ടു.
ഒരു പിടി ഭസ്മം ഹന്ത ജപിച്ചു
ശിവനതു മാററീ വെടിയുണ്ടകളായ്
ഉടനേ ശിവനും പാർവ്വതിയും ബത!
തിരു-കൊച്ചിയിലും വന്നു പിറന്നു.
ഏ. ജെ. ജോണഥ ടി. എം. വർഗ്ഗീസ്
എന്നിവരായവതാരം ചെയ്തു.
തൊഴിലാളികളേ ചുട്ടുമുടിച്ചു
വലിയോർക്കേകീ കൃഷിഭൂമികളും
അരി ചോദിച്ചതിനായി പ്പശുമല
എരിപൊരിയാക്കീ നിറതോക്കുകളാൽ
പശുമല തന്നിലെ മണ്ണിൽ രുധിര-
പ്പശയിൽ മർദ്ദനകഥകൾ കുറിച്ചു.
തിരുവെടിവെച്ചു മൂവരെയവരും
സുരലോകത്തേക്കുടനെയയച്ചു.
ഒരു പറ മോക്ഷമളന്നു കൊടുത്തു
അവർ സ്വർഗ്ഗത്തിൽ ക്ലാക്കന്മാരായ്.
ഇതു-താൻ പുണ്യം പശുമലസംഭവ-
മുരചെയ്വോർക്കും മോക്ഷം റഡി താൻ.

* പകർപ്പവകാശം മാധവ'ഗംവു പ്രതിമയ്ക്കു്.


ജെയ് ഹിന്ദ്

അഭ്യർത്ഥന

"ഇടവപ്പാതി കഴിഞ്ഞാൽ പിന്നെ കുട കൂടാതെ നടക്കരുതാരും"
എന്ന ആപ്തവാക്യപ്രകാരം മഴ ആരംഭിച്ചിരിക്കയാണ്, വലിയ മഴയേയും, കടുത്ത
വെയിലിനേയും താങ്ങാൻ കഴിവുള്ള കുടകൾ ഏതാണ്?
ഞങ്ങളുടെ സരസ്വതി സ്റ്റോർസിലുള്ള കുടകൾ! ... ... എന്തെന്നാൽ ... ...
അവ ഉയർന്നതരം തുണിയിലുള്ളതാണ് * വളരെക്കാലം ഉപയോഗിക്കാവുന്നതാണ് *
മഴത്തുള്ളികളെ തെറിപ്പിക്കുന്നവയാണ് * ഒന്നാംതരം വാട്ടർപ്രൂഫ് തുണികളുമാണ് *
സാധാരണക്കാർ മുതൽ പ്രഭുക്കൾവരെ വാങ്ങിക്കത്തക്ക വിലകളിൽ
പലതരം കുടകൾ ഞങ്ങളുടെ പക്കൽ ഉണ്ട്.

**സരസ്വതി സ്റ്റോർസ്**

(K. V നമ്പി റെഡ്യാരുടെ ജവുളിക്കടയ്ക്ക സമീപം) പഴവങ്ങാടി, തിരുവനന്തപുരം.

**A. S. S. മാർക്ക് നല്ലെണ്ണ**

# കൈലാസ് തേയില ഡിപ്പോ

പേട്ട — — തിരുവനന്തപുരം.

ഉററ്, മണം രുചി, ഇവക്ക് കൈലാസ് തേയില ഉപയോഗിച്ച് സംതൃപ്തിയടയുവിൻ. പ്രൊ. വി. മാധവൻപിള്ള.

# ആർ. വേലായുധൻപിള്ള

## ജ്യൂവല്ലേഴ്സ്, തട്ടാപാളയം—നെടുമങ്ങാട്ട്.

എല്ലാത്തരം സ്വർണ്ണം, വെള്ളി ഇവയിലുള്ള ഉരുപ്പടികൾ മിതമായ റേററിൽ കൃത്യസമയത്തു ചെയ്തുകൊടുപ്പാനും വില്പനയ്ക്കും തയ്യാർ. വളകൾ, മാലകൾ, അഡ്ഡിയൽ കട്ടകൾ ഇവകൾ പരിഷ്കൃതരീതിയിൽ ഇവിടെ കിട്ടുന്നതാണ്. സ്വർണ്ണം, വെള്ളി ഉരുപ്പടികൾ വാങ്ങുകയും കൊടുക്കുകയും ചെയ്യും.

ഫോട്ടോഗ്രാഫി സംബന്ധമായ എല്ലാ ജോലികൾക്കും

# സ്ററുഡിയോ ഡിലക്സ്

(ഹൈസ്കൂൾറോഡ്, നെടുമങ്ങാട്ട്)

സന്ദർശിക്കുക.

## S. K. V. ഹോട്ടൽ & ററീഷാപ്പ്, നെടുമങ്ങാട്ട്.

പരിഷ്കൃതരീതിയിൽ ഏററവും രുചികരമായ ആഹാരസാധനങ്ങളും, പാനിയാദികളും ശുചിയായി കഴിക്കണമെന്നു ആഗ്രഹമുള്ളവർ S. K. V. യെ സന്ദർശിക്കുവിൻ!

മാനേജർ.

# ചന്ദ്രികാ സ്റ്റോർ

കച്ചേരിക്കു സമീപം :: ആററിങ്ങൽ.


ചില്ലറ വ്യാപാരികളുടെ സുവർണ്ണാവസരം. സ്റ്റേഷനറി, പുകയില, ബീഡി, സിഗററുകൾ, ഒന്നാംതരം മദ്രാസ്പൊടി, വാസന ദ്രവ്യങ്ങൾ, പലയിനം സോപ്പുകൾ ഇവ മിതമായ വിലക്കു ആവശ്യമുള്ളവർ ഞങ്ങളെ സമീപിക്കുക.

N. B. കൂടാതെ ഞങ്ങളുടെ ചന്ദ്രികാ കൺഫക്ഷനറി ഒരിക്കൽ ഉപയോഗിച്ചുനോക്കുവിൻ. പ്രൊ. കെ. രാഘവൻ.

കലാവേദി.

# അമ്പലപ്പുഴ മീനാക്ഷിച്ചേച്ചി

മീനാക്ഷി ആരുടേയും ചേച്ചിയാണ്. പക്ഷേ എല്ലാവരുടേയും അനുജത്തിയായി ഭാവിയ്ക്കും. നാടകലോകത്തിലെ ഏററവും വൃത്തികെട്ട ജന്തുവാണവർ. പക്ഷെ സൌന്ദര്യറാണിയായ് ഒരു ദേവതയായിട്ടായിരിക്കും അഭിനയിയ്ക്കുക. അവർ അക്ഷര ശൂന്യയാണെങ്കിലും ഒരു കാളേജ് കുമാരിയാണെന്നു തന്നത്താൻ പറയും. അടിച്ചു തളിക്കാരിയാണെങ്കിലും മഹാരാജകുടുംബത്തിലാണു ജനനമെന്നു വീമ്പിളക്കും. വേശ്യകൾക്കു കഞ്ഞിവെയ്ക്കുന്നവളാണെങ്കിലും പതിവ്രതകളുടെ ശിരോരത്നമാണെന്നു ഭാവിക്കും. മീനാക്ഷിയെന്നു കേൾക്കുമ്പോൾ പണ്ട് മയിൽ പീലികളണിഞ്ഞു സുന്ദരിയായ ഒരു കാക്കയുടെ കഥ നിങ്ങൾ ഓത്തുപോവുന്നെങ്കിൽ അൽഭുതമല്ല. പിന്നെ ഒരു രസം. അമ്പലപ്പുഴയിലും അതിനടുത്തുമുള്ള ആരും ഇപ്പോൾ കുഞ്ഞിന് മീനാക്ഷിയെന്നു പേരിടാൻ പേടിക്കുന്നു. കാരണം ദൈവത്തിനും നാട്ടുകാക്കുമറിയാം.



പ്രസിദ്ധമായ അമ്പലപ്പുഴക്ഷേത്രത്തിന്റെ തെക്കേനടയിൽ കൂടി തെക്കോട്ടു കാണുന്ന ഇടവഴിയിലിറങ്ങി ഒരു ഫർലോംഗു ചെല്ലുമ്പോൾ ഒരു ദരിദ്ര്യം പിടിച്ചു കുശിനിപ്പുര നിങ്ങൾക്കു കാണാം. അവിടെയാണ് കലാ കൊലപാതകിയായ മീനാക്ഷി വാണരുളുന്നതു്. ആ വീട്ടുമുററത്തു സിഗററ കുററികളും ബീഡിമുറികളും കൊണ്ട് ഒരു കുന്നുണ്ടായിരിക്കുന്നതു നിങ്ങൾക്കു നോക്കിക്കാണാം.

മാത്താണ്ഡവമ്മയുടെ പ്രസാദത്താൽ ഇവരുടെ കുടുംബത്തിനു കിട്ടിയതാണ് അമ്പലപ്പുഴക്ഷേത്രത്തിലെ തൂത്തുതളി. രാജകുടുംബജാതയാണെന്നുള്ള മീനാക്ഷിയുടെ ഹുങ്കിന് കാരണം ഇവിടെയെങ്ങാനും ചികഞ്ഞാൽ കിട്ടിയേക്കും.

ഇനി മീനാക്ഷിയുടെ സ്വഭാവം! ഒരു പദാത്ഥം തന്നെ. എപ്പോഴും അനുഭവിക്കുന്നതു് അവൾക്കു വെറുപ്പാണ്. ജീവിതത്തിന്റെ കഴമ്പ് വൈവിദ്ധ്യത്തിലാണെന്നവർ വിശ്വസിക്കു

സന്ദർശിയ്ക്കുവിൻ:—

വേണുഗോപാലനിലയം ഹോട്ടൽ ആൻറ് ററീഷാപ്പ്

രുചികരമായ ഭക്ഷണപദാത്ഥങ്ങൾക്കും ഓവൽ, കൊക്കൊ, കാഫി, ററീ ഇവയും, സുഖകരമായ ഭക്ഷണം ഇവ എപ്പോഴും തയാർ.

ഇഞ്ചിനീയർ ആഫീസ് ജംഗ്ഷൻ

തിരുവനന്തപുരം

DAMOO JEWELLERS (Opposit Mullakkal Temple, Alleppy)

സ്വൎണ്ണത്തിലും, വെള്ളിയിലും ആഭരണങ്ങൾ പരിഷ്കൃത രീതിയിൽ പരിപൂൎണ്ണഉത്തരവാദിത്വത്തോടുകൂടി ഭംഗിയായി ചെയ്തുകൊടുക്കപ്പെടും. പ്രൊ: കെ. ദാമോദരൻപിള്ള.

ന്നു. എപ്പോഴും എച്ചിലിനോടാണു കൂടുതൽപഥ്യം. അവൾ തന്നെ നാടകലോകത്തിലെ ഒരെച്ചിലല്ലേ? 118 മുതൽ ഇതുവരെയും 16 വയസ്സിൽ കഴിയുന്ന അസാധാരണ തൊലിക്കട്ടിയുള്ള ഒരു സുന്ദരിയാണവൾ. (കാമുകന്മാരുടെ നിരന്തരമായ തലോടൽകൊണ്ടു് തൊലിക്കു കട്ടിയുണ്ടാകുമെന്നു് പുരാണത്തിൽ കാണുന്നു.)

നാടകലോകത്തിലും വെളിയിലും ഇവൾ പിടിച്ചെടുത്തു് പണം വിഴുങ്ങിക്കഴിഞ്ഞു് വഴിയാധാരമാക്കിയിട്ടുള്ള യുവാക്കളുടെ എണ്ണം തിട്ടപ്പെടുത്താൻ ഇതുവരെ ആർക്കും കഴിഞ്ഞിട്ടില്ല. അതിൽ പ്രഥമസ്ഥാനം തിക്കുറിശ്ശിക്കു തന്നെ. അദ്ദേഹത്തിന്റെ പേരിനു കളങ്കം ചാർത്തിയ ആ കുലടയെ വിഷപ്പല്ലുപോലെ അദ്ദേഹം വെറുക്കുന്നു.


നാടകത്തിൽ നിന്നും സിനിമയിലേക്കും സിനിമയിൽനിന്നും നാടകത്തിലേക്കും മീനാക്ഷി പടിപടിയായി താഴുകയും ഉയരുകയും ചെയ്യുന്നു. രക്തബന്ധത്തിൽ അഭിനയിച്ചതു മുതൽ അവൾക്കു പലരുമായും രക്തബന്ധമുണ്ടായിട്ടുണ്ടു്. യാചകനിൽ നടിച്ചശേഷം അവൾ പലരേയും യാചകരാക്കിയിട്ടുണ്ടു്. ഇപ്പോൾ സേലം രത്നാ സ്റ്റുഡിയോയിൽ മീനാക്ഷി ഒരു സംസാരവിഷയമാണു്.

കാര്യം ഇങ്ങനെയൊക്കെയാണെങ്കിലും പരസ്യമായ പ്രസവം ഒന്നേ നടന്നിട്ടുള്ളു. അതൊരു ഭാഗ്യം തന്നെയാണു്. അഭിനയവും സംഗീതവുമായി മീനാക്ഷിയ്ക്കു് ഒരു ബന്ധവുമില്ല. അമ്പലപ്പുഴക്കാർ പറയുന്നതു് ഇവൾ നശിച്ചെങ്കിൽ നാട്ടുകാർക്കെങ്കിലും നേരേ ചൊവ്വേ ഊതിക്കുടിച്ചു കഴിയാമായിരുന്നു എന്നാണു്. സ്ത്രീ ഉത്തരം കിട്ടാത്ത ഒരു ചോദ്യമാണെന്നു സ്നേഹിതൻ തിക്കുറിശ്ശി പറഞ്ഞതു് മീനാക്ഷിയെ ഉദ്ദേശിച്ചായിരിക്കുമോ? തിക്കുറിശ്ശിയുടെ തൂലികയിൽ നിന്നും നിർഗ്ഗളിച്ച 'സ്ത്രീ' എന്ന മനശാസ്ത്രപരമായ കഥയും മീനാക്ഷിയും തമ്മിൽ അഭേദ്യമായ ബന്ധമുണ്ടെന്നാണു ഈ ലേഖകനോടു് എറണാകുളത്തുവച്ചു ഒരാൾ പറഞ്ഞതു്. ഒരു പുരുഷനോടു മീനാക്ഷി അടുക്കുന്നതു മാതാവു്, സഹോദരി, കാമുകി, ഭാര്യ എന്നീ നിലകളിലൂടെയായിരിയ്ക്കും. ഏററവും ഒടുവിൽ ഒരു രക്തയക്ഷിയായി മാറി അയാളെ ചീന്തിക്കുടിയ്ക്കുകയും ചെയ്യും. ആരു് എന്തു പറഞ്ഞാലും മീനാക്ഷിയുടെ നാവിൽ 'വയ്യാ' എന്ന വാക്കു് ഉദിയ്ക്കയില്ല. ആററം ബോംബു് ടോർപ്പിഡോ തുടങ്ങിയ മാരകായുധങ്ങളേപ്പോലും ഒററ നോട്ടത്തിൽ ചുട്ടുഭസ്മമാക്കാൻ മീനാക്ഷിയ്ക്കു കഴിയും. തൈക്കിഴവിയായിട്ടുപോലും ഇന്നും അവർ പ്രശസ്തയായ ഒരു സ്ത്രീയാണെന്നു് അടുത്തവർ പറയുന്നു. സ്നേഹം എന്നൊരു സാധനം ലോകത്തുണ്ടെന്ന കഥ ഇന്നുവരെ അവൾ അറിഞ്ഞിട്ടില്ല. അവൾക്കാരോടും ഇതുവരെ ആ 'തൊന്തരവു്' തോന്നിയിട്ടുമില്ല.

അമ്പമ്പോ! അമ്പലപ്പുഴ പ്പാൽപായസംപോലെ അമ്പതു പേരേ ഒന്നിച്ചു രസിപ്പിച്ചു തൃപ്തിപ്പെടുത്തുന്ന അമ്പലപ്പുഴ മീനാക്ഷീ! നിന്റെ ഭാവി എത്ര ഭയാനകമാണെന്നോർക്കുമ്പോൾ എന്റെ തൂലികയ്ക്കുപോലും ഹൃദയസ്തംഭനം വന്നു പോകുന്നു.

45/12

അടുത്ത ലക്കത്തിൽ "തനിനിറ" ക്കാരനെ കണ്ടെത്താം.




ഒരാൾ:—എവിടെ പോയിട്ടു വരുന്നു! തലക്കു് എന്തു പററി–ഈ വെച്ചുകെട്ടെല്ലാം.

സ്നേഹിതൻ:—ഓ! ഭാര്യവീട്ടിൽനിന്നും വരുന്ന വഴിയാണു്.


ശ്രീധന്വന്തരിമഠം
ആയുർവേദവൈദ്യശാല
പുത്തൻചന്ത, തിരുവനന്തപുരം

ശാസ്ത്രസമ്മതമായ ചികിത്സാ സമ്പ്രദായം, ഉത്തരവാദിത്വമുള്ള ഔഷധങ്ങൾ. മലയാളത്തിലോ തമിഴിലോ ഉള്ള ക്യാററലാഗിനു ആവശ്യപ്പെടുക.

മാനേജർ

# :: വരികൾക്കിടയിൽ ::

ഒരു മുൻമന്ത്രിയും മന്ത്രിയാകാൻ വ്യാമോഹിച്ചു ഇളക്കിയ മറെറാരു കയ്ക്കുലി കാൺഗ്രസ്സ് നേതാവും കൂടി തിരുവനന്തപുരം ജില്ലാക്കോടതിയിൽ അഭിഭാഷകന്മാരായി പ്രാക്ടീസ് ആരംഭിച്ചിരിക്കുന്നു എന്നറിയുന്നു. രണ്ടുപേരും ശരിക്കു മുതലെടുത്തവരാണെന്നും സോഷ്യലിസ്റ്റ് നേതാക്കന്മാരുടെ കണ്ണു ചുവന്നിരിക്കുന്നതിനാൽ കൈവശമുള്ളകാശു വസ്തുവാങ്ങാൻ ഉപയോഗിച്ചാൽ അതിനു കണക്കു പറയേണ്ടിവരുമെന്നു ഭയന്നു വക പറയാനാണ് ഇപ്പോൾ ഇങ്ങനെ ബോർഡ് തൂക്കിയിരിക്കുന്നതെന്നും ജനസംസാരമുണ്ട്. അറുപതുരൂപാ കെട്ടിട വാടക. മുപ്പതുരൂപാ ആഫീസ് വാടക പോക്കും വരവും വാടകക്കാറിൽ. കേസിലെ വരവ് സീറോ. സീറോ. ഉത്തരം അറിയാവുന്നവർ അക്ഷരത്തിലും അക്കത്തിലും എഴുതി അയക്കണം.

* * *

പറവൂർ ടി. കെ. യുടെ ആനയറ ഗൃമസ്ഥന്റെ പേരിൽ മന്ത്രിമുഖ്യൻ ലക്ഷക്കണക്കിനു സമ്പാദിച്ചതിൽ ഒടുവിൽ തിരിയെ കൊടുത്തില്ലെന്നാണോ നിങ്ങൾ പറയുന്നത്. ഏതായാലും ആ ഗൃമസ്ഥൻ ഇഹലോകവാസം വെടിഞ്ഞതും വസ്തുതിരിയെ കൊടുക്കാതിരുന്നതുമായി ബന്ധം ഉണ്ടെന്നു ജനങ്ങൾ പറയുന്നു. നമുക്കൊന്നും അറിഞ്ഞുകൂടേ അപ്പാ.

* * *

രസികൻ പത്രത്തിൽ കണ്ട ആകാശ വേശ്യാലയത്തിലെ വേശ്യ താനാണെന്നു പറഞ്ഞുകൊണ്ടു തിരുവനന്തപുരത്തെ ഒരു മഹാബുദ്ധിമാൻ, പത്രാധിപക്കു വക്കീൽ മുഖേന നോട്ടീസയച്ചിരിക്കുന്നുപോലും. "എന്നെക്കണ്ടാൽ കിണ്ടികട്ടെന്നു തോന്നുമോ പങ്കീ" എന്നൊരു പൂങ്കൻ പണ്ടു പങ്കിയമ്മയോടു ചോദിച്ചതാണു ഞങ്ങൾക്കു ഓർമ്മയിൽ എത്തുന്നത്. ശംഭോ! ശങ്കരാ!

* * *

മുഖ്യമന്ത്രിപദം ഒഴിഞ്ഞ ശ്രീ. സി. കേശവൻ കൌമുദി പത്രത്തിൽ സബ് എഡിററായി ജോലി നോക്കുന്നുപോലും. തൊഴിലാളി നേതാവിന്റെ കറക്കുകടസരയുടെ മുമ്പിൽ വായ്പൊത്തി തലചൊറിഞ്ഞു നിന്നു മാസശമ്പളം വാങ്ങിക്കാൻ ഒരു തൊഴിലാളി കൂടി ആയി. കഷ്ടം! സ്വന്തം അച്ഛനാണേ— ആ നിൽക്കുന്നത്.

* * *

പറവൂർ ടി. കെ. നാരായണപിള്ള എന്ന സക്സ്കാരനെ കുറിച്ചു യാതൊന്നും കേൾക്കുന്നില്ലെന്നും അറിവുള്ള വിവരങ്ങൾ നൾകണമെന്നും ഞങ്ങൾക്കു പല കത്തുകളും ലഭിച്ചുകൊണ്ടിരിക്കുന്നു. അദ്ദേഹത്തിന്റെ ഭാഷ്യക്കു എഴുതി അയക്കണമെന്നാണ് ഞങ്ങൾക്കു നിർദ്ദേശിക്കാനുള്ളതു്. പിലിപ്പോസ് മന്ത്രിയുടെ C/o ൽ എഴുതുക—ആക്ക്—അതുപിന്നെ പറയണമോ.

* * *

ഹൈക്കോടതി തിരുവനന്തപുരത്തു മാററുന്നതു സംബന്ധിച്ചുള്ള ഒരു ബിൽ അസംബ്ളിയിൽ ആലോചനയ്ക്കുവരാൻ പോകുന്നു. ദേശീയക്കാരുടെ തനിനിറം അറിയാനുള്ള അവസരം അതാണ്. ഹൈക്കോടതി കൊല്ലത്തു സ്ഥാപിച്ചാൽ എന്തെന്നു് ടി. എം. മന്ത്രി ആലോചന തുടങ്ങിയിരിക്കയാണ്—മന്ദ-ശങ്കരന്മാർ ഇപ്പോൾ എവിടെയാണെന്നു് അറിഞ്ഞില്ല. ഹിന്ദുമണ്ഡലം പാപ്പനംകോട്ടാണെന്നു് അറിഞ്ഞു.—

* * *

സക്കിൾ ഇൻസ്പെക്ടരായിരുന്ന മി. ശിവരാമപിള്ള കണ്ണീരും കയ്യുമായി ഡാക്ടരോടും വക്കീലിനോടും അവരുടെ ഇടതുവശങ്ങളോടും യാത്ര ചോദിച്ചിരിക്കുന്നു. ചിറയിൻകീഴ്താലൂക്കിൽ എത്ര എത്ര പ്രേതങ്ങൾ ശിവരാമപിള്ളയെ പിന്തുടരുമെന്നു അറിയുന്നവക്കറിയാം. ആരെ കൊന്നാലും അഞ്ഞൂറ്. പിന്നെന്താ! വേലപ്പാ!

* * *

കള്ളനോട്ടു വിദഗ്ദ്ധനെ അറസ്റ്റുചെയ്തുകൊണ്ടുവന്നതിനുശേഷം തിരുവനന്തപുരത്തും കോട്ടയത്തും


**ശശാങ്ക**
**രക്ഷാകേന്ദ്രം**

മൂത്രാശയരോഗങ്ങൾ പിടിപെട്ടു യാതൊന്നുകൊണ്ടും ആശ്വാസം, കാണാതെ പരവശപ്പെട്ടു് വലയുന്ന സഹോദരീ സഹോദരന്മാക്ക് പൂർണ്ണാശ്വാസപ്രദമായ ഒരേ ഒരു രക്ഷാകേന്ദ്രമാണ് ശശാങ്ക! സ്ഖലനം, പഴുപ്പുപോക്കു് പ്രമേഹം, മൂത്രച്ചൂട് മൂത്രത്തിലുള്ള അടപ്പു് (കലക്കൽ) വയറെരിച്ചിൽ, അസ്ഥിസ്രാവം, സ്ത്രീകൾക്കുണ്ടാകുന്ന വെള്ളപോക്കു്, രക്തംപോക്കു്, ഇവകൾക്കും ഉഷ്ണസംബന്ധമായ രോഗങ്ങൾക്കും ഒരുപോലെ ആശ്വാസകരം. 24 നേരത്തേക്കുള്ള പാക്കററൊന്നിനു, വില രൂ. 3. പാക്കിംഗ് പോസ്റ്റേജ് പ്രത്യേകം.

ചീഫ് വൈദ്യൻ, P. O. മാവേലിക്കര, തിരുവിതാംകൂർ,

എസ്. എസ്. പിള്ള. വിജയാഫാർമസി.

മററുമുള്ള പല വൻ പണക്കാർക്കും ഈ വേനൽക്കാലത്തു നല്ല കുളിരും പനിയുമായിരുന്നെന്നു് അറിഞ്ഞു. കള്ളനോട്ടിനു അത്ര തണുപ്പാണോ എന്നു ഞങ്ങൾ അത്ഭുതപ്പെടുന്നു. വളരെ അധികം ഉറക്കറ ഫോട്ടോകളും വേലപ്പന്റെ പക്കൽനിന്നു കണ്ടെടുത്തു എന്നും ചില ചിത്രങ്ങൾ ചില എക്സ് മന്ത്രിമാരുടെ ഭാര്യമാരുടെ രൂപവുമായി ഏററവും സാദൃശ്യമുള്ളവയായിരുന്നു എന്നും കേൾക്കുന്നു. നേരാണോ ശോശാമ്മേ; ശരിയാണോ മറിയാമ്മേ.

*   *   *

ദുരഭിമാനികളായ കുറെ എക്സ് മന്ത്രിമാർ സ്ഥാനം ഒഴിഞ്ഞതിനുശേഷം എന്തു ചെയ്യണമെന്നറിയാതെ അവിടവിടെ കുത്തിയിരുന്നു സമയം കളയുന്നുപോലും. അവരുടെ ഭാര്യമാർക്കുപോലും അവരോടു രസമില്ല. നാട്ടുകാരുടെ കാര്യം പറയണമെന്നില്ലല്ലോ. ഇവർ എന്തു ചെയ്യണമെന്നും ഇവരെ എന്തു ചെയ്യണമെന്നും ഞങ്ങളോടു ചോദിച്ചാൽ ഞങ്ങൾ ഇങ്ങനെ പറയും. ജനകീയമന്ത്രിമാരിൽ സ്വയമേവ സ്ഥാനം ഒഴിയാതെ പരിതസ്ഥിതികളുടെ സമ്മർദ്ദത്താലും നാട്ടുകാരുടെയും പത്രക്കാരുടെയും നിർബ്ബന്ധത്താലും മനസ്സില്ലാമനസ്സോടെ ഒഴിഞ്ഞവരെ എല്ലാം ഉടനടൻ പൂജപ്പുര ജയിലിൽ അടയ്ക്കാവുന്നതാണ്. വിചാരണ ചെയ്യുന്നതു സൗകര്യംപോലെ മതിയാകും. അവർ ശിക്ഷാർഹരാണെന്നുള്ള കാര്യത്തിൽ സംശയമില്ലാത്തസ്ഥിതിക്കു് അവരെ നിറുത്തിമിനക്കെടുത്താതെ ആ പുണ്യസ്ഥലത്തു് ആക്കിക്കൊണ്ടു വിചാരണവഴിയേ ആകരുതോ. കുരുതിക്കു് ഉഴിഞ്ഞ കോഴികളെ ബലിക്കല്ലിനടുത്തല്ലെ കെട്ടി ഇടേണ്ടതു്.

—o—


# വികടകേസരി
## ഓണം സ്പെഷ്യൽ

കേരളത്തിലെ തലയെടുപ്പുള്ള സാഹിത്യകാരുടെ തൂലികകൾ ഈ സാഹിത്യസദ്യവട്ടത്തിൽ അണിനിരക്കുന്നു. വിജ്ഞാനപ്രദങ്ങളായ ലേഖനങ്ങൾ, ചിരിക്കുവാനും, ചിന്തിക്കുവാനും പററിയ ഫലിതലേഖനങ്ങൾ, രസകരമായ ചെറുകഥകൾ; ആസ്വാദ്യകരങ്ങളായ കവിതകൾ, സിനിമാ നിരൂപണങ്ങൾ, പുസ്തകാഭിപ്രായങ്ങൾ, കാർട്ടൂണുകൾ, സിനിമാബ്ളാക്കുകൾ, ത്രിവർണ്ണമുഖചിത്രത്തോടുകൂടി തിരുവോണം നാളിൽ മലയാളികൾ അധിവസിക്കുന്ന നിങ്ങളുടെ ഓരോരുത്തരുടെ വീട്ടുകളിലും വികടകേസരി നിങ്ങളുടെ ഒരു ബഹുമാന്യാതിഥിയാണ്.

80-ൽപരം പേജുകൾ! ഒററപ്രതി 8 ണ.

## പരസ്യക്കാർക്ക് പററിയ പ്രസിദ്ധീകരണം!

P. S. ഞങ്ങളുടെ വരിക്കാർ എല്ലാപേരും 8 അണ വീതം മുൻകൂറായി തന്നു ഞങ്ങളുടെ ഈ പ്രസിദ്ധീകരണത്തിനെ വിജയപ്രദമാക്കി തരണമെന്നു സാദരം അഭ്യർത്ഥിച്ചുകൊള്ളുന്നു.

പത്രാധിപർ

വികടകേസരി—തിരുവനന്തപുരം.

# ധന്വന്തരി വൈദ്യശാല
## H. O. തൊടുപുഴ

ബ്രാഞ്ചുകൾ:—വാഴക്കുളം പാലാ, എറണാകുളം, കോട്ടയം, വൈക്കം, പൂഞ്ഞാർ, തിരുവനന്തപുരം, തൃപ്പൂണിത്തുറ, പെരുമ്പാവൂർ, കോതമംഗലം, മൂവാററുപുഴ, നാഗർകോവിൽ, കാഞ്ഞാർ, ചങ്ങനാശ്ശേരി, ആലപ്പുഴ, കൊല്ലം, ആലുവാ, പറവൂർ, പൊൻകുന്നം, തിരുവല്ലാ, തൃശ്ശൂർ, കോഴിക്കോടു്, ചേർത്തല, മുണ്ടക്കയം, ഈരാററുപേട്ട, കൂത്താട്ടുകുളം, പിറവം, മാവേലിക്കര, കായംകുളം, കൊട്ടാരക്കര, ആററിങ്ങൽ, നെയ്യാററിൻകര, മദ്രാസ്, കൊച്ചി, ഇടപ്പള്ളി, പന്തളം, തക്കല, പുനലൂർ. കിളിമാനൂർ, നെടുമങ്ങാട്ടു്.

ച്യവനപ്രാശം ലേഹ്യം — റാത്തൽ 1-നു് 3 രൂപാ


ക്ഷീണശരീരങ്ങൾക്കു് ബലം, ആരോഗ്യം ഇവകളെ വർദ്ധിപ്പിക്കുവാൻ വളരെ വിശേഷം. കാസം, ശ്വാസം, ജ്വരം, ഹൃദ്രോഗം, മൂത്രരോഗം, ശുക്ലദോഷം, ഒച്ചയടപ്പു്, രക്തവാതം, ഇവകളെ നശിപ്പിക്കയും ശരീരകാന്തി, ബുദ്ധിശക്തി, ഓർമ്മശക്തി ഇവകളെ ഉണ്ടാക്കുകയും ചെയ്യും. ഒരു രൂപാ തൂക്കം മുതൽ രണ്ടു രൂപാ തൂക്കംവരെ ഉപയോഗിക്കാം.

ചിത്രശാല

# മരുമകൾ

ഏതെങ്കിലും അയൽവക്കത്തെ വീട്ടുകളിൽ ചെന്നിട്ട്, കല്യാണം ചെയ്തുകൊണ്ടുവന്ന മരുമകളെ കാണുന്നതിലും ആനന്ദിക്കുന്നതിലും സന്തോഷം ഇല്ലാത്ത മൂപ്പീന്നന്മാർ നമ്മുടെ ഇടയിൽ കാണുകയില്ല. അയൽ വീട്ടിലെ പെണ്ണുങ്ങളുടെ കഥയാണെങ്കിൽ കുറഞ്ഞതു് ഒരു മാസത്തേക്കു് അതു സംസാരവിഷയമാകും—മരുമകൾ!

എന്നാൽ മി. പോൾകല്ലുങ്കൻെറ മരുമകളെ കാണാൻ മലയാളികളിൽ ഒരു കുഞ്ഞു ശേഷിക്കാതെ പോകുമായിരുന്നു. ആർത്തിയോടെ കാണുന്നതിനായി ഏവരും കൊതിച്ചിരിക്കുകയായിരുന്നു. കണ്ടപ്പഴല്ലേ, ആ ചരക്കു് കൊള്ളുകയില്ലെന്നു മനസ്സിലായതു്. മൂക്കും നാക്കും കണ്ണും എല്ലാം ആ മരുമകൾക്കില്ലേ? ഉണ്ടു്. പിന്നെന്തൊരു കുറവു്? ആക്കും കണ്ടിട്ടു് ബോധിക്കുന്നില്ല. പെണ്ണാണെങ്കിൽ നല്ല കോമളം. ബാലകദംബം പോലെ തുടുത്ത അവയവങ്ങൾ. അധികം വിരിയാത്ത നല്ല ചന്തി ഇളം പഴുക്കാപോലുള്ള ചുണ്ടു്. ചന്തിയും ചുണ്ടും ഉണ്ടെങ്കിൽ താരത്തിൻെറ വേഷം കെട്ടിക്കാമെന്നു എസ്. കെ. ചാരി അഭിപ്രായപ്പെട്ടു. സിനിമയും നാടകവും നടനും നടിയും എന്താണെന്നു പോലും അറിയാത്ത ഒരു മണ്ടൻമാപ്പിള ഒരു ഓലാംകൊട്ടയിൽ കുറെ കക്കായിറച്ചിയും പത്തിരുപതു പുലിക്കണ്ണൻ നോട്ടുമായി ചാരിയെ അഭയം പ്രാപിച്ചു. പോൾകല്ലുങ്കനു് ഒരു ഭ്രതിയിളക്കം. പടം പിടിക്കാൻ! കേട്ടിട്ടുണ്ടു്; ആരൊക്കയോ പടം പിടിക്കുന്ന എന്നു്. അതിയാനും സ്റ്റോഡിയോവിൽ ചെന്നു. ആദ്യദിവസം പടിക്കുപുറത്തുനിന്നു് വാച്ചരോടു കാര്യം തിരക്കിയറിഞ്ഞു. വാച്ചർ, എസ്. കെ. ചാരിയോടു് മൂന്നുരൂപാ നേരത്തെ പററിയിരുന്നു. മലയാളികൾ ആരെങ്കിലും വന്നാൽ അയാളെ കാണിച്ചു കൊടുക്കണമെന്നും, മൂന്നാംകിട ഫോട്ടോഗ്രാഫർ ആണെങ്കിലും, ആ സ്റ്റുഡിയോവിലെ ഒന്നാമനാണെന്നു പറയണമെന്നും ശട്ടം കെട്ടി. വിശ്വസ്തനായ തമിഴൻ വാച്ചറിൻെറ വലവീശലിൽ വീണ ആദ്യത്തെ കരിനന്തനാണു് മി. പോൾകല്ലുങ്കൽ. കലാകൊലപാതകിയാണെങ്കിലും സാഹിക്കാം. എസ്. കെ. ആചാരിയെന്ന ആ കൊലയെ വിലക്കു വാങ്ങിച്ചു. അതുകൊണ്ടു് ഒരമ്മൻ തുള്ളൽ വെള്ളിത്തിരയിൽ നടത്തി. മലയാളികളുടെ പണം പിടുങ്ങി, കൊച്ചു ഗൃഹസ്ഥനാകാൻ സിനിമാ വ്യവസായം നടത്തി. എന്നിട്ടു് കാലിന്മേൽക്കാലും കയററിയിരിക്കുകയാണു്. പണം ബാങ്കിലിടാൻ. എടാ ശനിയേ! കഥ എന്താണെന്നറിയാമോ? സ്ക്രീൻപ്ലേ! ഇതിൽ കൂടുതൽ മി. പോളിനു് അറിവില്ല. കാരണം മൂത്തപ്പായുടെ തൊഴിൽ അതല്ലായിരുന്നു. എന്തിനു്? പാവപ്പെട്ട പോളിനെ വിട്ടേക്കു. മരുമകളുടെ ഡയറക്റ്റർ, ആ സത്വത്തെ എവിടെ നിന്നു കെട്ടിയെടുത്തു? ദുഷിച്ചു പറയുകയല്ല. സിനിമയെപ്പററി, വളരെ കാര്യങ്ങൾപറഞ്ഞു വിമർശിക്കാൻ സ്ഥലമില്ല; സമയവുമില്ല.



മരുമകളിൽ—പ്രേംനസീറും കോമളവും.

കഥാസാരം നോട്ടീസ്സിൽ കാണുന്നതു തിരയിൽ കാണുകയില്ല. നോട്ടീസും പ്രചരണവും എല്ലാ സിനിമായുടേയും നല്ലതു തന്നെ. പോസ്റ്റർ വളരെ ഭേഷ്. കഥയോ?

മരുമകളിൽ ഒരു ഹാഫ് ക്രാക്കിനെ പ്രവേശിപ്പിച്ചു്, മലയാള കഥാകൃത്തുക്കളെ അധിക്ഷേപിക്കുന്ന ഭാഗം അഭിനയിപ്പിച്ചിട്ടു്, അതുപോലും ചന്തമായി സ്ക്രീനിൽ പ്രതിഫലിപ്പിക്കുവാൻ ചാരിക്കു കഴിഞ്ഞില്ല. എവിടയോ തുളുനാട്ടിൽ പിന്നെ ഒരു വികടകേസരി!

പോട്ടെ. ആ കടിഞ്ഞൂൽ ഫലമോ? പ്രേംനസീർ. നല്ലപേരു്. അബ്ദുൽഖാദർ, പോയി ഖുറാൻ ഒന്നുകൂടി വായിച്ചു പഠിക്കട്ടെ. കണ്ടില്ലേ, മരുമകളുടെ സെക്സ് അപ്പീൽ. വെള്ളത്തിൽ നിന്നു പിടിച്ചു കരയിലിട്ടപ്പോൾ, ചുണ്ടു പൂളുക്കുന്ന മൽസ്യത്തെ പോലെ പ്രേമിച്ചതു്; ചുണ്ടു് അനക്കിയതു്. അതാണു് പോലും പ്രേമരംഗത്തിൻെറ സ്വഭാവം? സാങ്കേതിക വിദഗ്ദ്ധന്മാരായ പാശ്ചാത്യകലാകാരന്മാർ

ഡയറക്ട് ചെയ്ത ഒരഞ്ചാറു പടമെങ്കിലും പോയിക ണ്ടിട്ടു്, താരാപഥത്തിലേക്കു് എത്തിനോക്കിയാൽ മതി.

പ്രസിദ്ധ കഥാകൃത്തായ ശ്രീ: തകഴിയും ഞാനും കൂടിയാണു് മരുമകൾ കണ്ടതു്. മൂന്നാമത്തെ സീൻ കാണാൻ ആ കലാകാരൻ എന്നെ അനുവദിച്ചില്ല. അങ്ങനെ ആദ്യ ദിവസം തിയേററിൽ നിന്നും ഇറ ങ്ങിപ്പോരേണ്ടി വന്നു.

ഛായാഗ്രഹണം നക്ഷത്രലോകത്തിൽ വച്ചായി രുന്നു എന്നു മരുമകൾ കണ്ടാൽ വിളിച്ചു പറയും. ശ ബ്ദഗ്രഹണം ഏഴാം സ്വർഗ്ഗത്തിലും!

എന്തിനു്? ആ കെടാമംഗലം 'മുത്താനന്ദത്തി' ൻെറ മൊകമാണു് മുഖം! അവൻെറ എടതേഞ്ഞപല്ലും, പച്ച ചിരിയും, രേവതിക്കൊച്ചമ്മയുടെ താടികുലു ക്കും; ആ ചേർത്തലക്കാരൻ കശാപ്പുകാരനായ മാപ്പിള ച്ചെറുക്കൻെറ തന്തയഭിനയവും, ഒക്കെക്കൂടി, മരുമകൾ ഒരു കൊച്ചുമിടുക്കിയാണു്. അതേ, അവൾ ഒരു അ പ്സരസ്സാണു്—കാമുകനു്. ഫിലിമിൽ അവ കൊല തുള്ളുന്ന കൊട്ടങ്കാളി.

ശിവനേ, 'പടിയാറും കടന്നവിടെ ചെല്ലു മ്പോൾ ശിവനെ കാണാമോ ശിവശംഭോ, ശംഭോ!'

മരുമകൾ മലയാളികൾക്കു് ഒരു ശാപം ആണെ ങ്കിലും, എസ്. കെ. ചാരിക്കു് ഒരു നേട്ടമാണു്. മലയാളികളെക്കൊണ്ടു് ആടിപ്പിക്കുവാൻ കഴിഞ്ഞു എ ന്നതാണു് നേട്ടം. അല്ലെന്നു് അതിലെ താരങ്ങൾ പറയട്ടെ. കഥ ചമച്ച കാക്കോടകന്മാരെപ്പററി പറ യുന്നില്ല. കള്ളുകുടിയനോടു കള്ളിൻെറ ദോഷം പറ ഞ്ഞാൽ അരിശപ്പെടുന്നതു കാണാം. പല്ലും ചിറിയും കാണാം. കഥ നന്നായെന്നു് അറിഞ്ഞാൽ കഥാകൃ ത്തു ചന്ദ്രഹാസവുമായി പ്രത്യക്ഷപ്പെടും.

1953-ലേക്കു മരുമകളെ ഒന്നാമത്തെ ചിത്രമാ യി തിരഞ്ഞെടുക്കുമെന്നു ഇവിടെങ്ങും ഒരു ശ്രുതി പര ന്നിട്ടുണ്ടു്. വായനക്കാർ വിശ്വസിക്കുകയില്ലായിരി ക്കാം. സത്യം; മരുമകൾ തന്നെ. അല്ലെങ്കിൽ കോമ ളം. കലാബോധമുള്ള മുത്തയ്യാ ഈ ചിത്രത്തിൽ എങ്ങനെ കടന്നു കൂടിയെന്നു് ഈ ലേഖകനു സംശയ മുണ്ടു്. മററൊരു നടനായ ഭരതനു കിട്ടിയ പ്രതിഫ ലത്തിൽ പകുതി മി. കാലായ്ക്കൽ കുമാരൻ അവകാശി യാണു്. (ഓ—തെററിപ്പോയി. പ്രതിഫലം കിട്ടി കാണുകില്ലല്ലോ!)

—o—

## അഭിപ്രായത്തിനു്

ആലപ്പുഴ ജീവൻ പബ്ളിക്കേഷൻസ്കാരുടെ 'യുദ്ധരംഗത്തിലെ പ്രണയം' എന്ന പുസ്തകം അഭിപ്രാ യത്തിനു അയച്ചുതന്നതു കൈപ്പററി നന്ദിപറയുന്നു. അഭിപ്രായം അടുത്ത ലക്കത്തിൽ.

പത്രാധിപർ.

സ്വർണ്ണം, വെള്ളി ഇവകൊണ്ടു നിർമ്മിക്കുന്ന നവീനരീതിയിലുള്ള ഏതു തരം ആഭരണങ്ങളും കൃത്യനിഷ്ഠയോടും സത്യസന്ധതയോടുംകൂടി ഇവിടെ ചെയ്തു കൊടുക്കുന്നതാണു്.

ശ്രീകാര്യം ജംഗ്ഷൻ—ഉള്ളൂർ.

പ്രൊ: വി. പത്മനാഭനാശാരി.

## കമ്മിഷൻ ഏജൻറ്

തിരുവനന്തപുരം ചാല ബസാറിൽ ശക്കര ന്യായമായ വിലയ്ക്കു് മൊത്ത കച്ചവടക്കാർക്കും ചില്ലറ വ്യാപാരികൾക്കും ഞങ്ങളുടെ പക്കൽനിന്നും വാഴമുട്ടം ചരക്കു് ലഭിക്കുന്നതാണു്.

പ്രൊ:- കെ. രാമൻപിള്ള

സഭാപതികോവിൽ തെരുവു്, ചാല-തിരുവനന്തപുരം.

# നമ്മുടെ നാട്ടിൽ

(ഒന്നാനാം മതിലകത്ത്—എന്നരീതി)

ഇല്ലൂർ

ഒന്നാനാം നാട്ടകത്ത്–
ഒന്നല്ലോ സർക്കാര്
സർക്കാരിൻ കാര്യമോതാൻ–
പോരിൻ പോരിൻ തോഴിമാരെ!
ഞങ്ങളാരും പോരുന്നില്ല–
പേരുകേട്ട പോലീസുണ്ട്
ലാത്തിയുണ്ട്, തോക്കുമുണ്ട്–
അഹിംസകൊണ്ടു ചത്തുപോകും.
രണ്ടാനാം നാട്ടകത്ത്–
രണ്ടല്ലോ സർക്കാര്
കൊച്ചി പിന്നെ തിരുവിതാംകൂർ–
കേൾപ്പതുണ്ടോ തോഴിമാരേ
ഞങ്ങളാരും കേൾക്കുന്നില്ല–
രണ്ടുമിപ്പോൾ സംയോജിക്കെ
രണ്ടുംകെട്ട കോലമായി–
കാലദോഷം ശീലദോഷം!
മൂന്നാനാം നാട്ടകത്ത്–
മൂന്നല്ലോ പാർട്ടികള്
"മൂന്നണി" യിൽ കമ്മ്യൂണി–
സ്റ്റാറെസ്പീ യേയെസ്പീ.
ഞങ്ങളേതും മിണ്ടുന്നില്ല,
പഴി കടന്നു തെറി നിരന്നു
കൗമുദിയും പത്തലുമായ്
ഇനിയുണ്ടോ രക്ഷപെണ്ണേ.
നാലാനാം നാട്ടകത്ത്–
നാലല്ലോ നേതാക്കൾ
വർഗ്ഗീസെന്ന കുമ്പളവും
മന്നമെന്ന ശങ്കരരും
നാടാകെ മുടിയുമ്പോൾ–
മുടിതുള്ളും നേതാക്കൾ
പേരുപോലും മിണ്ടരുതേ–
മിണ്ടരുതേ പൊന്നു തോഴീ.
അഞ്ചാനാം നാട്ടകത്ത്–
അഞ്ചല്ലോ സിനിമകള്
ഏതേതെന്നു ചൊല്ലുവാനി–
ന്നാരാരുണ്ടു തോഴിമാരേ.
"ചേച്ചി" യുടെ :"രക്തബന്ധം"–
"കേസരി" ക്കു "സുഹൃത്തായി"
"മരുമക" ളിങ്ങിറങ്ങിയപ്പോൾ–
മലയാളം മലച്ചു പെണ്ണേ.
ആറാനാം നാട്ടകത്ത്–
ആറല്ലോ മന്ത്രികള്
ആർക്കാർക്കു വേണമെന്നു–
ചൊല്ലു ചൊല്ലു തോഴിമാരേ.
പനമ്പിള്ളി പെരുമ്പുള്ളി–
കരിമ്പുള്ളി വീണാലും
ബാക്കിയുള്ളോർക്കുവേണം–
-നിനക്കു വേണേ ലെട്ടുക്കുപെണ്ണേ.

(തുടരും)

—o—

# ചേരയ്

—o—

(സഖാവ് കെ. സദാനന്ദൻ എം. എൽ. എ. യുടെ വഞ്ചനാപരമായ ആ പ്രസ്താവന)

മേയ് 30-ാനു- യിലെ 'വീരകേസരി' യിൽ സ: K. സദാനന്ദൻ M. L. A. നാന്തൂറ തൊഴിലാളി കുടുംബങ്ങളെ പട്ടിണിക്കു് ഇട്ടു കൊല്ലുന്നതു കാണുവാനുള്ള സഹനശക്തി തനിക്കില്ലെന്നു കാണിച്ചു ഒരു അട്ടിമറിപ്പൻ പ്രസ്താവന പുറപ്പെടുവിച്ചിരിക്കുന്നതു കാണുവാനിടയായി. സംഘടിതരായ നാന്തൂറ തൊഴിലാളികളെ അസംഘടിതരായ എട്ടു തൊഴിലാളികൾ ചേർന്നു ദ്രോഹിച്ചു എന്നുള്ളതാണുസഖാവിൻെറ വാദം. ഞങ്ങൾ സഖാവിനോടു ചോദിക്കുന്നു—അസംഘടിതരായ തൊഴിലാളി വിഭാഗത്തിനു് ഇവിടെ ജീവിക്കുവാൻ അവകാശമില്ലേ? ചേരയ്.

മണ്ടത്തരങ്ങൾ പറയുന്നതിനും ഒരു അതിരുണ്ടു്. തിരു-കൊച്ചിയിൽ ഇതുവരെ ഒരു സംഘടനയിലും ചേരാതെ അദ്ധ്വാനിച്ചു—കഷ്ടതയനുഭവിച്ചു—ജീവിക്കുന്ന ഒരു വിഭാഗം കർഷക തൊഴിലാളികൾ ജീവിക്കുന്നുണ്ടെന്നുള്ള വിവരം സഖാവിനു മനസ്സിലാക്കുവാൻ കഴിയാത്തതാണു് അതിനെക്കാളുംകഷ്ടം. അങ്ങനെയുള്ള തൊഴിലാളികൾ ഇവിടെ ജീവിക്കുവാൻ പാടില്ലെന്നാണു സഖാവിൻെറ അഭിപ്രായം. ചേരയ്.

ഞങ്ങൾ സഖാവിനോടു വീണ്ടും ചോദിക്കുന്നു.; കേവലം എട്ടു് അസംഘടിതരായ തൊഴിലാളികൾ ചേർന്നു സംഘടിതരായ നാന്തൂറ തൊഴിലാളികളെ പട്ടിണിക്കു് ഇട്ടു കൊല്ലുന്നതു് എങ്ങനെയാണെന്നു ഞങ്ങൾക്കു മനസ്സിലാകുന്നില്ല. കഷ്ടപ്പെടുന്ന തൊഴി

# സ്റ്റുഡിയോ വാർത്തകൾ

ജെനോവാ:—ആലപ്പുഴ ചന്ദ്രാപിക്ച്ചേഴ്സുകാരുടെ ജെനോവാ എന്ന മലയാള ചിത്രത്തിന്റെ നിമ്മാണം ന്യൂട്ടോൺ സ്റ്റുഡിയോവിൽ പുരോഗമിച്ചു വരുന്നു. B· S· സരോജ, രാമചന്ദ്രൻ, ആലപ്പി വിൻസെന്റ് തുടങ്ങിയവർ ഈ ചിത്രത്തിൽ അഭിനയിക്കുന്നു. ചിങ്ങമാസത്തിൽ ഈ ചിത്രം പ്രദശ്നത്തിനു തയാറാകുമെന്നു അറിയുന്നു. ഈ ചിത്രത്തിന്റെ കേരളത്തിലെ വിതരണാവകാശം R· K· ഫിലിംസിനാണെന്നു സൂക്ഷ്മമായി അറിയുന്നു.

ആത്മസഖി:—തിരുവനന്തപുരം മെരിലാൻഡു സ്റ്റുഡിയോവിൽനിമ്മിച്ചുവരുന്ന നീലാപ്രൊഡക്ഷൻസുകാരുടെ 'ആത്മസഖി' ചിങ്ങമാസത്തിൽ കേരളം സന്ദശിക്കുമത്രേ. പ്രസ്തുത ചിത്രത്തിൽ B· S. സരോജ, സത്യൻ, വീരൻ, പങ്കജവല്ലി, കുമാരി, കുമാരി തങ്കം, മുത്തുകുളം, കെ. പി. കൊട്ടാരക്കര, എം.എൻ. നമ്പ്യാർ മുതലായവർ നടിക്കുന്നത്രേ!

തിരമാല:—കാഞ്ഞിരപ്പള്ളി (കലാസാഗർ കമ്പനിക്കാരുടെ) യുടെ തിരമാലയുടെ ഷൂട്ടിംഗ് ഉടനെ ആരംഭിക്കുവാൻ ഇടയുണ്ടു്. സ്റ്റുഡിയോ മെരിലാൻഡ്.

വിശപ്പിന്റെവിളി:—K & K യുടെ മൂന്നുഭാഷകളിൽ നിമ്മാണം ആരംഭിച്ചിരിക്കുന്ന വിശപ്പിന്റെ വിളിയുടെ മലയാളം പതിപ്പു പൊന്നിൻ ചിങ്ങമാസത്തിൽ തമിഴ്നാടിനോടൊപ്പം കേരളത്തിലെ പ്രധാനകേന്ദ്രങ്ങളിലും പ്രദർശിപ്പിക്കുമെന്നു അറിയുന്നു. താരങ്ങൾ:—തിക്കുറിശ്ശി, പ്രേംനസീർ, കുമാരിതങ്കം, പങ്കജവല്ലി, S· P· പിള്ള, കാലായ്ക്കൽ കുമാരൻ തുടങ്ങിയവർ. ഡയറക്ഷൻ മോഹൻറാവു-സ്റ്റുഡിയോ ഉദയാ.

പ്രേമലേഖ:—എറണാകുളം അരവിന്ദാ പ്രൊഡക്ഷൻസിന്റെ "പ്രേമലേഖ" യുടെ നിമ്മാണം ഏതാണ്ടു പൂത്തിയായി എന്നു അറിയുന്നു. ഈ ചിത്രം ആദ്യന്തം ഫലിതംകൊണ്ടു നിങ്ങളെ കുടുകുടാ ചിരിപ്പിക്കുമെന്നാണു അറിയുന്നതു്. ഇതിലെ കഥയും സംഭാഷണവും പ്രസിദ്ധഹാസ്യകവിതക്കാരനായ വാണകുററിയാണു്. ഇതിലെ നക്ഷത്രങ്ങൾ—ചിറവൂർ മാധവൻകുട്ടി മേനോൻ, ഓമല്ലൂർ ചെല്ലമ്മ, അടൂർ പങ്കജം, വാണകുററി എസ്സ്. പി. പിള്ള തുടങ്ങിയവർ. ഡയറക്ഷൻ എം. കെ. രമണി. സ്റ്റുഡിയോ-ഉദയാ-

വേലക്കാരൻ:—ഭദ്രാപ്രൊഡക്ഷൻസുകാരുടെ "വേലക്കാരൻ" എന്ന ചിത്രത്തിന്റെ പകുതിയിലധികം ഭാഗങ്ങളും ഷൂട്ടു ചെയ്തു കഴിഞ്ഞു എന്നാണു അറിയുന്നതു്. ഈ ചിത്രവും ചിങ്ങമാസത്തിൽ പ്രദർശനത്തിനു തയ്യാറാകുമത്രേ. കഥയും സംഭാഷണവും ജി. എൻ. പണിക്കർ—നടീനടന്മാർ;—തിക്കുറിശ്ശി, അഗസ്റ്റിൻജോസഫ്, കെ. പി. കേശവൻ, ശ്രീധരൻനായർ (കോട്ടയം) ബി. എസ്. സരോജാ, പി. കെ. സരസ്വതി, പങ്കജവല്ലി, കായംകുളം സുമതി മുതലായവർ. സ്റ്റുഡിയോ-ഉദയാ.

—o—

ലാളി വിഭാഗത്തിനു വേണ്ടിയാണോ സഖാവു് ഇത്തരം പ്രസ്താവനകൾ ഇറക്കുന്നതെന്നു നാട്ടുകാർ വിധി എഴുതട്ടെ. ഷേരയ്.

സഖാവിന്റെ പ്രസ്താവനയിൽ നിന്നും ഞങ്ങൾ മനസ്സിലാക്കുന്നതു യൂണിയനിൽ അംഗമായി ചേരാത്ത ഒരു തൊഴിലാളിയും ഇവിടെ ജീവിക്കുവാൻ പോകുന്നില്ലെന്നാണു്. ഈ തൊഴിൽ കുഴപ്പത്തിനെ സംബന്ധിച്ചു യൂണിയൻ തൊഴിലാളികളും, യൂണിയൻ ഇല്ലാത്ത സാധുതൊഴിലാളികളും ചേർന്നു് ഇരുകൂട്ടരുടെയും അവശതകൾ ലേബർ ഡിപ്പാർട്ടുമെന്റിനെയും ലേബർ മിനിസ്റ്ററെയും അറിയിച്ചതായും അതിന്റെ ഫലമായി സംഭവങ്ങൾ നേരിട്ടന്വേഷിക്കുന്നതിനായി പോലീസിനെ അയക്കുകയും ന്യായം അസംഘടിതരായ തൊഴിലാളികളിലാണെന്നു ബോധ്യം വരികയാൽ തൊണ്ടും വള്ളവും കയററി അയക്കുന്നതിനു പോലീസ് അസംഘടിത തൊഴിലാളികളെ സഹായിക്കുകയും ചെയ്തപ്പോൾ സഖാവും പാർട്ടിയും ചേന്നു പോലീസ് ആഫീസറെയും പോലീസ്കാരെയും ആക്ഷേപിച്ചതായും ഞങ്ങളുടെ അന്വേഷണത്തിൽ അറിയുന്നു. ഈ സമരത്തിനെകുറിച്ചു ലേബർ ഡിപ്പാർട്ടുമെന്റ മൗനം ദീക്ഷിച്ചിരിക്കുന്നതിന്റെ ഔചിത്യബോധം ഞങ്ങൾക്കു മനസ്സിലാകുന്നില്ല. "ഗതി കെട്ടാൽ പുലി പുല്ലും തിന്നും" എന്നു സഖാവു് ഉന്നയിച്ച വാചകം ഞങ്ങൾ എവിടെയാണു് ഉപയോഗിക്കേണ്ടതു്. ഷേരയ്.

സഖാവിനു ഉള്ളൂർ ഗോപിയോടു വ്യക്തിപരമായ വിരോധം വല്ലതുമുണ്ടെങ്കിൽ അതിനു് ഇങ്ങനെയുള്ള കാര്യങ്ങൾ ഒന്നും പറയാതെ മററുവല്ലതും നടത്തുന്നതല്ലേ കുറച്ചുകൂടി നല്ലതു്. സഖാവു് രാഷ്ട്രീയത്തിലേക്കുകാലു ചവുട്ടിയതു തന്നെ ഉള്ളൂർ ഗോപിയിൽനിന്നുമാണെന്നുള്ള സംഗതി പാടെ മറന്നു പോയതാണു് അതിനെക്കാൾ ലജ്ജാകരം. ഷേരയ്.

ഇങ്ങനെയുള്ള ജനനേതാക്കന്മാരാണു നമുക്കുള്ളതെങ്കിൽ നമ്മുടെ കാര്യം പൂജ്യം തന്നെ. ഹരോഹരാ.

# A.S.S. മാർക്ക് നല്ലെണ്ണ

## സ്പെഷ്യൽ അജമാംസ രസായനം

നഷ്ടപ്പെട്ട ധാതുക്കളെ വീണ്ടെടുത്തു യുവത്വം നിലനിർത്തുന്നതിനു അത്യുത്തമം. റാത്തൽ ഒന്നുക്കു വില രൂപാ 6 മാത്രം. വി. പി. യായി ആവശ്യപ്പെടുന്നവർ മൂന്നിലൊന്നു വില അഡ്വാൻസായി അയക്കേണ്ടതാണ്.

പി. എസ്. വൈദ്യശാല, മുല്ലയ്ക്കൽ, ആലപ്പുഴ.

## വിഷവൈദ്യശാല

പുതിയവിള .... .... കായംകുളം

പേപ്പട്ടി, പാമ്പ്, എലി, എട്ടുകാലി ഇവകളുടെ വിഷത്തിനും കൈവിഷത്തിനും അത്ഭുതകരമായ ചികിത്സ. പേപ്പട്ടിവിഷത്തിനു പഥ്യമേ വേണ്ട?

വൈദ്യൻ മാംകുളം കെ. ഗോവിന്ദൻ നംപൂതിരി,
വിഷവൈദ്യ വിശാരദ്, എ. സി. ആർ. സി.

## പ്രീമിയർ ഹോട്ടൽ & ഹോസ്റ്റൽ

### ശ്രീനാരായണ കാളേജിനു സമീപം, കൊല്ലം.

ശുചിയായും രുചിയായും തയാറാക്കപ്പെടുന്ന ആഹാരപാനീയ പദാർത്ഥങ്ങൾ കിട്ടുന്ന ഏക വിശ്രമസ്ഥലം.

N. B. താമസത്തിനു സൗകര്യമുള്ള മുറികളും വാടകയ്ക്കു കൊടുക്കുന്നതാണ്.

പ്രൊ: കെ. ബാലകൃഷ്ണപിള്ള.

## S. P. ഹോട്ടൽ ആൻറ് റ ീഷാപ്പ്

കച്ചേരിജംഗ്ഷൻ ◆ നെടുമങ്ങാട്.

നെടുമങ്ങാട്ടു വരുന്നവർ കച്ചേരിയുടെ മെയിൻഗേററിനു തെക്കുവശമുള്ള ബോർഡ് സൂക്ഷിക്കുക—സുഖകരമായ ഭക്ഷണം. രുചിയും, ശുചിയുമുള്ള പാനീയപദാർത്ഥങ്ങൾ എപ്പോഴും തയ്യാർ. ഒരിക്കൽ പരീക്ഷിക്കുക.

മാനേജർ.

# സഞ്ചാരവീഥി

## (സഞ്ചാരി)

തിരുവനന്തപുരം:—വേലപ്പൻനോട്ടുകേസ്സിൽ സുന്ദരികളായ ഏതാനും അഭിഭാഷകകളും റേഡിയോക്കാരും സിനിമാ നടികളും കൂടി ഉൾപ്പെട്ടിട്ടുണ്ടെന്നു പലരും പറയുന്നതിനെ സഞ്ചാരിയും അന്വേഷിക്കാം. പാളയം കുമാർകേഫ് ഭംഗിയായി നടന്നു വരുന്നു. ഒന്നാംതരം ഫോട്ടോകൾക്ക് ഭാരത് സ്റ്റുഡിയോ സന്ദർശിക്കുക. ചാലയിലെ ഒരു പാത്രവ്യാപാരിയുടെ മുക്കാൽ വിദ്യ വിസ്തരിച്ചുട്ടത്തതിൽ. ഒന്നാംതരം ശീതളപാനീയങ്ങൾക്ക് മി. ഗണേശിനെ സമീപിക്കുക. തിരു-കൊച്ചി ടാവൽബ്യൂറോയും ലേഡി ടൈപ്പിസ്റ്റും കഥകളും അന്വേഷണത്തിൽ. ഉത്സവമാം വെജിററബിൾ കൺട്രാക്ടർ മി. T. H. കൃഷ്ണൻകുട്ടിനായരുടെ സേവനം തൃപ്തികരം. വഞ്ചിയൂർ മുൻസിപ്പൽ സെയിൽടാക്സ് ആഫീസിലുള്ള ചില ഇമിറേഷൻ ക്ലാർക്കന്മാരുടെ പൈപ്പിൻ മൂട്ടിലെ എത്തിനോട്ടവും ചൂളം വിളിയും ശരീരത്തിനു പററിയതല്ലെന്നു സഞ്ചാരി താക്കീതു ചെയ്യുന്നു. സിററിസർവീസിലെ ഒരു കൺഡക്ടർ യാത്രക്കാരോട് രണ്ടുപ്രാവശ്യം ചക്രം വേണമെന്നു പറയുന്നതു കുറച്ചിൽ തന്നെ. സിററിയിൽ പ്രശസ്തമായി നടന്നുവരുന്ന വേണുഗോപാലനിലയം ഹോട്ടൽ & ററീഷാപ്പിനു നല്ല ഭാവിയുണ്ട്.

പട്ടം:—പോസ്റ്റാഫീസിൽവരുന്ന കത്തുകൾ ഒരാഴ്ചകഴിഞ്ഞാലും മേവിക്കുകിട്ടാതെ വരുന്നതായി പലരും പരാതി പറയുന്നു. പോസ്റ്റുമാസ്റ്റർ ശ്രദ്ധിക്കുമല്ലോ.

വലിയതുറ:—ഗോഡവുൺ കൂലിക്കാരും ഡിപ്പോ ആഫീസറുംകൂടി അരി ബ്ലാക്കുനടത്തുന്നില്ലപോൽ. ഗോഡവുൺനടയിൽ ചൂതുകളി ഭംഗിയായി നടന്നു വരുന്നു.

പാച്ചല്ലൂർ:—സ്ഥലത്തുനിന്നും ഒരു മൈനാ ദിവസേന ൗണിൽ വരുന്നതും ലൗലററർ കൈമാററം ചെയ്യുന്നതും അച്ഛൻ പ്രഹരാദികഷായം ഏർപ്പിച്ചതും മററും മററും വിസ്തരിച്ചുട്ടത്തതിൽ.

ശ്രീകാര്യം:—കരിയം പൗഡിക്കോണം റോഡു,കൺട്രാക്ടരന്മാരുടെ റോഡുപണിയുടെ ഒരു കഥ അട്ടത്തതിൽ.

കഴിത്തുറ:—കൃഷ്ണാസ്റ്റോർ ഭംഗിയായി നടന്നുവരുന്നു.

നെയ്യാററിൻകര:—മുൻസിപ്പൽ ഭരണം തൃപ്തികരം തന്നെ.

കോവളം:—സ്ഥലത്തുനിന്നും ചില ഗന്ധർവ്വന്മാർ വഴുതയ്ക്കാട്ടുമുക്കിൽ റോന്തുചുററി സഞ്ചരിക്കുന്നതും തുടന്നുള്ള കഥകളും വിസ്തരിച്ചുട്ടത്തതിൽ.

കുണ്ടറ:—ഇളംപള്ളിയൂർ കെ. ജി. വിലാസം പി. എസ്. ലെ ഹെഡ്മാസ്റ്റർ കുട്ടികൾ ജയിക്കണമെങ്കിലും, ജയിച്ചാൽ സർട്ടിഫിക്കററ് കൊടുക്കണമെങ്കിലും നക്കാപിച്ചാവേണമെന്നു ശഠിക്കുന്നതു സ്കൂൾ അധി:കൃതർ ശ്രദ്ധിച്ചാൽ കൊള്ളാം. സ്ഥലത്തും പരിസരങ്ങളിലും ഒരുതരം ബാധഉപദ്രവം ഉണ്ടാകാറുണ്ടെന്നു നെട്ടമൺകാവിൽ വച്ചു മനസ്സിലായി.

പത്തനംതിട്ട:—ഒരു സ്വർണ്ണകടക്കാരൻെറ മയക്കുവേല അട്ടത്തതിൽ. അന്നപൂർണ്ണാലയം ഭംഗിയായി നടന്നുവരുന്നു. മൃഗഡാക്ടരുടെ മൃഗമരുന്നിനു ഒരുപ്രത്യേകതയുണ്ടുപോൽ. അഫിൻഗഞ്ചോ മി.തോമസ്സ് യോഗ്യനായ ഒരു യുവാവാണ്. വേണുഗോപാൽ തിയേററർ വേണുഗോപാൽ തന്നെ. A. S. S. ടാക്സ് നല്ലെണ്ണ (ആലപ്പുഴ) യുടെ ഒരു സെയിൽസ് ഡിപ്പോയുടെ ഒരു ബ്രാഞ്ച് ഭംഗിയായി നടന്നുവരുന്നു.

കോന്നി:—ഒരു റേഷൻ ഡിപ്പോയിൽ റേഷൻ വിതരണം നടത്തുന്ന ചില രഹസ്യങ്ങൾ അട്ടത്തതിൽ.

കുന്നംകുളം:—ഒരു ക്രൂര കത്തിപോയതിനു സ്ഥലം മുൻസിപ്പൽ ലോറി ഡ്രൈവറെ സസ്പെൻറിൽ നിർത്തിയിരിക്കുന്നതു വലിയ കഷ്ടം തന്നെ. സ്ഥലത്തും

*Visit:-*
CENTRAL CAFE
NEAR CENTRAL THEATURE
**Pazhavangadi :: Trivandrum.**
സന്ദർശിക്കുവിൻ—
**സെൻട്രൽ കഫേ**
സെൻട്രൽ തിയേററിനു സമീപം
പഴവങ്ങാടി — — തിരുവനന്തപുരം.
Prop. T. P. T. NAIR.

പരിസരങ്ങളിലും കാറപകടങ്ങൾ ധാരാളമായി നടക്കുന്നു. വികടകേസരി ഒററപ്രതി H. & C. സ്റ്റോറിൽ കിട്ടുന്നതാണ്.

**കൊട്ടാരക്കര:**—ഒരു മദ്ധ്യവയസ്കൻ പ്രേമത്തിൻെറ ഫോറംസെയിൽ ആരംഭിച്ചിരിക്കുന്നു. വിവരം അടുത്തതിൽ.

**കുളത്തൂർ:**—വികടകേസരിയിലെ കഴിഞ്ഞ ലക്കത്തിൽ തൃപ്പാപ്പൂർ ക്ഷേത്രത്തിലെ ശ്രീകാര്യം മി. ഗോപാലപിള്ളയെ കുറിച്ചു ചേർത്തിരുന്ന വാർത്തയെ ആസ്പദമാക്കി മി. പിള്ളയെ സസ്പെൻറു ചെയ്തിരിക്കുന്നതായി അറിയുന്നു.

**ഉള്ളൂർ:**—ദേവസ്വം ബോർഡാഫീസിൽനിന്നും വല്ലപ്പോഴും ആരെങ്കിലും ക്ഷേത്രം ഒന്നു പരിശോധിച്ചാൽ കൊള്ളാം. നിവേദ്യങ്ങൾ നടത്തുന്നു. ഇതിൽ ഭേദം നടത്താതിരിക്കുന്നതാണു നല്ലതു്. രാജപ്രമുഖൻ തിരുമനസ്സുകൊണ്ടു് എഴുന്നള്ളത്തുള്ള ഈ അമ്പലത്തിൽ ഇത്ര ദയനീയമായ നില അവലംബിച്ചുകാണുന്നതു പരിതാപകരം തന്നെ. 'ശ്രീകാര്യം മി. മാധവപണിക്കർ പറയുന്നതു് ആരുപരാതിപ്പെട്ടാലും എനിക്കൊരു പുല്ലും വരാനില്ലെന്നാണ്.' (ദേവസ്വം കമ്മിഷണരാഫീസ്സിലും ബോർഡാഫീസ്സിലുമുള്ള ഉദ്യോഗസ്ഥന്മാർ മുഴുവനും സാറിൻെറ സ്വന്തമാണോ! വി. കെ. പ.)

**ഹരിപ്പാട്:**—പതിനെട്ടു വയസ്സുള്ള ഒരു തണ്ടാർ യുവതിയെ ഒരു കപ്പിണി ആളുകൾ ചേന്നു് ബലാൽസംഗം നടത്തിയതിൽ പല വലിയ പുള്ളികളും ഉണ്ടെന്നാണ് അറിയുന്നതു്. വിശദവിവരം അടുത്തതിൽ.

**തോട്ടപ്പള്ളി:**—ഒരു മിഡ്‌വൈഫിൻെറ പുറക്കാട്ടു രഹസ്യം അടുത്തതിൽ.

**ഓമല്ലൂർ:**—കുടിശിഖക്കാർ വികടകേസരിയെക്കൂടി ഗൗനിക്കണേ!

**പുതിയവിള:**—ഒരു റേഷൻ വ്യാപാരിയുടെ ഡിമാലഗുണ്ടൻ രഹസ്യം അടുത്തതിൽ.

**വെഞ്ഞാറമൂട്:**—കുടിശിഖക്കാർ വരിസംഖ്യ തന്നു മാസിക വായിക്കണേ!

**ആലപ്പുഴ:**—ചുങ്കപാലത്തിനു സമീപം കൊപ്രാമാധവൻപിള്ളയോടു മാസികയുടെ വരിസംഖ്യ ചോദിക്കുമ്പോൾ മാസിക ഞാൻ കണ്ടിട്ടുപോലും ഇല്ലെന്നു പറയുന്നതു് ഒരു അമുക്കുപണിയാണ്. 'അല്പന്‌ ഐശ്വര്യം വന്നാൽ അർദ്ധരാത്രി കുടപിടിക്കുമെന്നു പണ്ടു് ആരോ പറഞ്ഞതു ശരിയാണ്." ഇരുമ്പുപാലത്തിനു സമീപമുള്ള ചെറിയപാലം അടച്ചു് ഇട്ടിരിക്കുന്നതിൽ ഭേദം പൊളിച്ചുമാററുന്നതാണു നല്ലതു്. P. W. D. ക്കാർ ശ്രദ്ധിക്കാത്തതു കാൺഗ്രസ്സ് ഭരണമായതുകൊണ്ടാണോ! ഒന്നാംതരം കുടകൾക്കു മി. V. ഗോപാലപിള്ളയുടെ അംബ്രലാസ്റ്റോർ സന്ദർശിക്കുവിൻ. തിരുവനന്തപുരത്തുകാരി ഒരു വസുന്ധരാദേവിയും ഒരു നടിപിടിയനും സിനിമയ്ക്കു കൊണ്ടുപോകും അടുത്തതിൽ. പച്ചക്കറികൾക്കു കല്ലൻറോഡിൽ മി. ഗോവിന്ദൻനായരെ സമീപിക്കുക. പത്മാ കഫേ ഒന്നിനൊന്നു മെച്ചം. മുല്ലയ്ക്കലുള്ള ഒരു സ്വർണ്ണക്കടരഹസ്യം വിശദമായി അടുത്തതിൽ. റേഷനിംഗ് ആഫീസും ഗുലുമാലുകളും അടുത്തതിൽ.

**കലവൂർ:**—സത്യസന്ധതപാലിക്കുന്ന മി. അബ്ദുകുട്ടിയുടെ ചിട്ടിഫണ്ടിനു സുശോഭനമായ ഭാവിയുണ്ടു്. മറെറാരു ചിട്ടിരഹസ്യം അടുത്തതിൽ.

**കോട്ടയം:**—ക്വീൻസ് ഹോട്ടലിൽ രാത്രികാലങ്ങളിൽ ചില അച്ചൻമാരുടെ പ്രസ്സ് കാൺഫറൻസ് നടന്നുവരുന്നു. കമ്മ്യൂണിസം എത്ര വളന്നാലും അതു കോട്ടയത്തു നടപ്പാക്കുന്നതു ശരിയല്ലെന്നാണ് അവരുടെ അഭിപ്രായം. വിവരത്തിനു് ഒരു ലേഖനം അടുത്തതിൽ. ബ്രാ: സ്റ്റാൻഡിനു സമീപം ശിവമയം ഹോട്ടൽ പുരോഗമിച്ചുവരുന്നു.

**എറണാകുളം:**—ഡി: ആശുപത്രിയിലെ നേഴ്സ് പഞ്ചാരവാണിയും ഗർഭികരണഗുളികയും അന്വേഷണത്തിൽ.

**കായംകുളം:**—ടെലഫോൺ എക്സ്ചേഞ്ചിലെ പുതിയ മണിയുടെ Call Booking കൃത്യസമയത്താണ്. തേയില വ്യാപാരി ഉമ്മൻ തേയിലയിൽ മായം ചേർത്തു കച്ചവടം നടത്തുന്നതിൽ അതിനിപുണനാ

ഭഗവതിവിലാസം ഹോട്ടൽ ആൻറ് ററീഷാപ്പ്

ബസ്സ്സ്റ്റാൻഡ് :: കായംകുളം

റൗണിൽ വരുന്നവർ രുചിയായി കാപ്പികുടിക്കുവാനും, സുഖമായി ഊണുകഴിക്കുവാനും ഞങ്ങളുടെ സ്ഥാപനത്തിൽ വരുക.

ഉടമസ്ഥൻ പി. കുട്ടൻപിള്ള.

ണ്ടുപോൽ. ഗവ: നിന്നും തുച്ഛമായ ഒരു പ്രതിഫലവും കിട്ടിയെന്നാണു പ്രഭാതം ന്യൂസുകൊണ്ടു മനസ്സിലാകുന്നതു്. വിശദവിവരം അടുത്തതിൽ. പരബ്രഹ്മോദയ സംഗീതനടന സഭയുടെ 128-ലെ പുതിയ നാടകങ്ങൾ തയ്യാറായി വരുന്നു. സ്റ്റാൻഡിൽ ഭഗവതിവിലാസം ഉത്തരോത്തരം അഭിവൃദ്ധിപ്പെട്ടുവരുന്നു.

ഡെൽഹി:—സിററിയിലും കൻറാണ്മെൻറിലും വികടകേസരി ഒററപ്രതി മി. പി. കെ. ജി. മേനോന്റെ ടെയിലറിംഗ് ഷാപ്പിൽ കിട്ടുന്നതാണു്.

ഓച്ചിറ:—ഒരു ചിട്ടിഫോർമാൻ ലൈസൻസ് ഇല്ലാതെ നാട്ടുകാരുടെ പണംവാങ്ങി മടിശ്ശീലവീർപ്പിക്കുന്നതു സബ്ബ്‌രജിസ്ട്രാരും ചിട്ടി ആഡിററും അറിഞ്ഞിട്ടില്ല. വിശദവിവരം അടുത്തതിൽ. മി. A· K· കുറുപ്പിനെ കുരുക്കിൽ ചാടിക്കാൻ പല കള്ളക്കേസ്സുകളും ചമച്ചുവരുന്നതായി പല മാന്യന്മാർ സംസാരിക്കുന്നു. അഭിമാനമായി ജീവിക്കുന്നവരെ കുറിച്ചൊക്കെ ഇങ്ങനെ ചെയ്യാലെങ്ങനെയാണു്. കരിഞ്ചന്തരാജൻ ഒരു സുബ്രഹ്മണ്യപിള്ള (A· R· D·) റേഷൻ വാങ്ങാൻ ചെല്ലുന്ന സാധുക്കളെ ഭീഷണിപ്പെടുത്തുകയും കാർഡുകൾ ചിന്തികീറുകയും ചെയ്യുന്നതു കുറെ കടന്നു പോകുന്നു. G· P· ഒന്നു ശ്രദ്ധിച്ചാൽ കൊള്ളാം.

നാഗപ്പൂർ:—സ്ഥലത്തെ വികടകേസരിയുടെ ഏജൻറായി മി. P· V· നായർ ന്യൂസ് ഏജൻറിനെ നിയമിച്ചിരിക്കുന്നു.

മദ്രാസ്:—S· D· ഫാർമസി ആലപ്പിയുടെ ഒരു ബ്രാഞ്ച് മൈലാപ്പൂരിൽ സ്ഥാപിച്ചു പ്രവർത്തനം നടത്തിവരുന്നു. ഹോട്ടൽ കേരളായുടെ Room No: 13-ൽ നെയ്യാററിൻകര നിന്നു ഒരു ഏഴാമടത്തെ പറന്നുപോയി കുടി ഇരുന്നതും [illegible] അടുത്തതിൽ.

പുനലൂർ:—വിജയാഹോട്ടലിന്റെ ഇടവഴിത്താരകളിൽ രാത്രികാലങ്ങളിൽ ഒരു യക്ഷിയുടെ സഞ്ചാരം ഉണ്ടുപോൽ. വിശദവിവരം പുറകെ. കഴിഞ്ഞലക്കത്തിൽ ചങ്ങാലപ്പള്ളി മി: മാധവൻപിള്ളയുടെ ററീഷാപ്പ് എന്നു ചേർത്തിരുന്നതു് ഗോപാലപിള്ള എന്നു തിരുത്തി വായിക്കേണ്ടതാണു്. ജൗളിത്തരങ്ങൾക്കു മി. മാധവൻപിള്ളയെ സമീപിക്കുക. വാളകോട്ട റേഷൻഡിപ്പോ മി. മഹമ്മദുകുഞ്ഞിനെ സൂക്ഷിക്കണം. സുഖകരമായ ഭക്ഷണപാനീയാദികൾക്കു മോഡേൺ ഹോട്ടൽ ഒന്നാംതരം.

ഇടമൺ:—മി. സ്റ്റാറിയായുടെ റേഷൻ വിതരണം സത്യസന്ധതയിലും കൃത്യനിഷ്ഠയിലും തന്നെ.

അഞ്ചൽ:—ജയമോഹൻ ടാക്കീസിൽ നല്ല നല്ല പടങ്ങൾ പ്രദർശിപ്പിച്ചു വരുന്നു. ദർശനാഹോട്ടൽ ഒന്നിനൊന്നു മെച്ചം. ഇലംതുക്കാരി മിഡ്‌വൈഫിന്റെ മറേറപണി കുറെ കടന്നു പോകുന്നു. വിശദവിവരം അടുത്തതിൽ.

കുളത്തൂപ്പുഴ:—ദേവസ്വം ഭരണം അടുത്തതിൽ. മി. കേശവപിള്ളയുടെ ററീഷാപ്പു് ഭംഗിയായി നടന്നു വരുന്നു.

ആയൂർ:—മദ്യനിരോധന മേഖലയാണെങ്കിലും മദ്യം ഇവിടെ കിട്ടുകയേ ഇല്ല.

ചടയമംഗലം:—അംബികവിലാസം നായർഹോട്ടൽ പൂർവ്വാധികം ഭംഗിയിൽ തന്നെ. ഒരു അമ്പലം വിഴുങ്ങിയുടെ ചരിത്രം അടുത്തതിൽ.

പത്തനാപുരം:—പുൽതകിടിയിലെ പ്രേമകഥ അന്വേഷണത്തിൽ. ചില റേഷൻ കരിംചന്തക്കാരുടെ വേലത്തരം അടുത്തതിൽ.

നിലമേൽ:—പൂതുകളി നാനാഭാഗത്തും നടക്കുന്നുണ്ടു്. മി. മടവൂർ ഭാസ്കരൻനായർ B· A യുടെ ഉടമസ്ഥതയിൽ ഉദയാ എന്ന പേരിൽ സ്ഥലം മാർക്കററിനു സമീപം ഒരു തിയേററർ സ്ഥാപിച്ചിരിക്കുന്നു. പ്രസ്തുത തിയേററർ ഇടവം ഒന്നാംതീയതി ശ്രീ. M· P. മന്മഥൻ M· A· അവർകൾ ഉൽഘാടനകർമ്മം നിർവ്വഹിച്ചിരിക്കുന്നു. ഉൽഘാടനദിവസം "രക്തഹാരം" എന്ന സംഗീതനാടകവും ബ്രഹ്മശ്രീ S· D സുബ്ബയ്യായുടെ സ്പെഷ്യൽ പാട്ടുകച്ചേ


## ഇതു വായിക്കരുതേ!

സ്വർണ്ണം, വെള്ളി, ഇവകൊണ്ടു നിർമ്മിക്കുന്ന സകല ഇനം ആഭരണങ്ങളും ആർഡറുകൾ അനുസരിച്ചു കൃത്യനിഷ്ഠയോടുകൂടി ഇവിടെ നിന്നും നിങ്ങൾക്കു കിട്ടുന്നതാണു്.

S. പരവൂർ. പ്രൊ:- എൽ. രാമസ്വാമി ആശാരി.

രിയും സമംഗളം നടന്നിരിക്കുന്നു. ഇതിന്റെ ഭാരവാഹികൾക്കു് വികടകേസരി ഭാവുകം നേരുന്നു.

പാലോട്ടു്:—ഒരു സൂത്രക്കാരൻ മുതലാളിയുടെ മീശതടവൽ കഥ വളരെ രസകരമാണു്.

നന്ദിയോട്ടു്:—മദ്യംസേവിക്കാത്തവരെ കുടിച്ചു എന്നു പറയുന്നതു കഷ്ടമാണു്. കള്ളക്കേസ്സുകൾ ചമയ്ക്കാൻ എന്തെല്ലാം എളുപ്പമാർഗ്ഗങ്ങൾ ഉണ്ടു്. വരിക്കാർക്കു അയക്കുന്ന മാസികകൾ പോസ്റ്റാഫീസുകളിൽ മിഴുങ്ങുന്നതായി അറിയുന്നു. സംഗതി വഷളാണേ!

നെടുമങ്ങാട്ടു്:—G. P. തഹശീൽദാർ ശ്രീ. പരമേശ്വരൻപിള്ള നീതിമാനും കർമ്മകുശലനും ആയ ഒരു ആഫീസറാണെന്നു് എത്ര തവണ പറഞ്ഞാലും അതു് അധികമാകുന്നതല്ല. ധരണിസ്റ്റോറിൽ സകല ഇനം ജൗളിത്തരങ്ങളും മിതമായ വിലക്കു കിട്ടുന്നതാണു്. ഒരു അരി കച്ചവടക്കാരിയുടെ പഴയതും പുതിയതുമായ കഥ വിസ്തരിച്ചു അടുത്തതിൽ. പഴകുററിയിലെ ഒരു പ്രേമം വരുന്നു. ഡി: ആശുപത്രിയിലെ തുശ്ശൂർക്കാരി നേഴ്സ് എക്സൈസ്സ് ലാറിക്കകത്തു് അകപ്പെട്ടുപോയ കഥ അടുത്തതിൽ.

ആററിങ്ങൽ:—മാസിക വിലാസക്കാർക്കുകിട്ടുന്നില്ലെന്നു പരാതികൾ വർദ്ധിക്കുന്നു. പോസ്റ്റാഫീസുകാർ അല്പം മനസ്സു് ഇരുത്തണേ! മി. തംകപ്പനാചാരിയുടെ സ്വർണ്ണകടയിൽ നവീനരീതിയിലുള്ള സ്വർണ്ണാഭരണം കൃത്യമായി ചെയ്തുകൊടുക്കുന്നതാണു്.

S. പറവൂർ—ചന്തയിൽ ഒരു യക്ഷി പലരുടെയും മടിയിൽ കയറി കുടിഇരിക്കുന്നുപോൽ. കഴിഞ്ഞ ലക്കത്തിലെ നാഗപ്പൂർയാത്രക്കാരനും പ്രേമവും എന്നു ചേർത്തിരുന്നതു സിംഗപ്പൂർ എന്നു തിരുത്തി വായിച്ചാൽ കൊള്ളാം.

മയ്യനാട്ടു്:—ഒരു റേഷൻമുതലാളി രഹസ്യം അടുത്തതിൽ.

മുഖത്തല:—ഉത്സവം ഭംഗിയായി. കുടിശിഖക്കാർ ബാക്കി പറയുന്നില്ല.

കുണ്ടറ:—കൊളംബോ ഹോട്ടൽ മാനേജർക്കു വികടകേസരിയെ കാണുമ്പോൾ വല്ലാതെ വരുന്നു. മാസികമാത്രം വായിച്ചാൽ പോരസാറേ. പണവും അതുപോലെ കൊടുക്കണം കേട്ടോ? ആട്ടെ കടിച്ചു, മാട്ടെകടിച്ചു, മനുഷ്യനെ കടിക്കല്ലേ. സംഗതി അവവഷളാകുമേ! പോലീസ് ഇൻസ്പെക്ടർ മി. O. M. കാതർ കാര്യശേഷിയും ബുദ്ധിമാനും ഊർജ്ജസ്വലനുമായ ഒരു സമാധാനപാലകനാണു്.

പുന്നമൂട്ടു്:—മി. ചെല്ലപ്പൻ വൈദ്യന്റെ അങ്ങാടിമരുന്നുകട ഭംഗിയായി നടക്കുന്നു.

അമ്പലപ്പുഴ:—കിഴക്കേ നടയിൽ ഒരു പുതിയ യക്ഷിയും ഗന്ധർവനും കാഴ്ച നടത്തുന്ന രഹസ്യം അടുത്തതിൽ.

ഇരവിപുരം:—ചന്ത കൺട്രാക്കരുടെ സ്വാർത്ഥതയും, കാണാൻ കൊള്ളാവുന്ന ചെറുപ്പക്കാരിപെണ്ണുങ്ങൾക്കു കച്ചവടം നടത്തുന്നതിനു സ്ഥലം പ്രത്യേകം നൾകുന്നതും മററും വിശദീകരിച്ചു അടുത്തതിൽ. ഡാക്ടർ മി. ഗോപാലന്റെ ചികിത്സ നാട്ടുകാർക്കൊരു അനുഗ്രഹമാണു്.

കൊല്ലം:—അഡിഷണൽ സബ്ബ് രജി:കച്ചേരിയിലെ പ്രേമനാടകത്തിന്റെ റിഹേർസൽ ഏതാണ്ടുതീരാറായി എന്നൊരു ശ്രുതി. കച്ചേരിയിൽ നക്കാപിച്ചാ ഇടപാടില്ല. കൂടുതൽ വിവരം അടുത്തലക്കത്തിൽ. S. N. കാളേജിനുസമീപം പ്രീമിയർ ഹോട്ടൽ & ഹോസ്റ്റൽ ഭംഗിയായി നടന്നു വരുന്നു. ആനന്ദവല്ലീശ്വരത്തെ തടിച്ചു പ്രേമകഥ അടുത്തതിൽ. പൊതുജനോപകാരിയായ ശ്രീ: എം. പി. കൃഷ്ണൻവൈദ്യന്റെ പേരും പറഞ്ഞു അനേകം ജനങ്ങൾ ജീവിച്ചു വരുന്നു. ശ്രീ: വൈദ്യരവർകൾ


## സ്ഖലനനിവാരണി

യുവലോകത്തിനു അനുഗ്രഹീതമായ ഒരു സിദ്ധൗഷധം

മൂത്രത്തിനു മുമ്പോ പിമ്പോ, നൂലുപോലേയൊ, തുള്ളിതുള്ളിയായോ ഇന്ദ്രിയം പോകുക, മലവിസർജ്ജനത്തിൽ ശക്തിയായി മുക്കുകനിമിത്തം ശുക്ലം വാർന്നുപോകുക, സ്വപ്നംകണ്ടോ, കാണാതെയോ ഉറക്കത്തിൽ അറിഞ്ഞോ അറിയാതെയോ ഇന്ദ്രിയം സ്ഖലിക്കുക, അരിമാവു കലക്കിയ രൂപത്തിൽ മൂത്രത്തിൽ പടന്നു് ഇന്ദ്രിയം പോകുക, സ്ത്രീകളെ വിചാരിക്കുകയോ തൊടുകയോ ചെയ്താൽ പെട്ടെന്നു് ഇന്ദ്രിയം സ്രവിക്കുക ഇങ്ങനെ ഇന്ദ്രിയസംബന്ധമായുണ്ടാകുന്ന നിരവധി സ്ഖലനരോഗങ്ങളെ 2 ആഴ്ചകൊണ്ടു് പരിപൂർണ്ണമായി ശമിപ്പിക്കുന്നതിന് ഞങ്ങളുടെ സ്ഖലന നിവാരണി തികച്ചും ഫലപ്രദമെന്നു് ഞങ്ങൾ ഉത്തരവാദിത്വത്തോടുകൂടി ഉറപ്പു പറയുന്നു.

രണ്ടു ആഴ്ചത്തേക്കു് ഉള്ള ഡപ്പി 1 ക്കു് 5 ക. 8 ണ. പാക്കിംഗ് & പോസ്റ്റേജ് 0-14-0
വി. പി. യായി ആവശ്യപ്പെടുക. മാനേജർ S. D. "ഫാർമസി" നാഗമഠം, H. O. ആലപ്പി
ബ്രാഞ്ചു്-9-94 L U Z മൈലാപ്പൂർ, മദ്രാസ്സ്

വിനോദനാടകം

# കുടുംബകലഹം

(തുടർച്ച)

(വൃകോദരൻ)

വൈദ്യ:—അമ്പോ! വയസ്സു തൊണ്ണൂറായിട്ടും മനസ്സിലിരിപ്പു കണ്ടില്ലേ. ങ്ഹാ പക്ഷേലു-ഒന്നു ചോദിച്ചോട്ടേ- ഇന്നിപ്പോൾ ഭൃംഗാമലകാദിയോ മറേറാ കൊണ്ടുപോണെങ്കിൽ പിടീന്നിവിടെ വരണം. എനിക്കിന്നു സിനിമായ്ക്കു പോകണം.

കൊച്ചു:—നമ്മുടെ ഭൃംഗാമലകാദി ഉണ്ടല്ലോ സുകുമാരാ—ഹാ അവനാരു? എണ്ണകളുടെ രാജനല്ലേ. ശരിക്കു ഭൃംഗാമലകാദി തേച്ചൊന്നു കുളിച്ചുനോക്കു;

"കണ്ണിന്നു നന്നു, തലനോവി-
നതീവ നന്നു, പല്ലിന്നു നന്നു
തലയും നരയാനരാണാം"

സുകുമാ:—അതു പറയണോ. കൊച്ചാദിഭൃംഗൻ എന്നു വൈദ്യരെ ആളുകൾ വിളിക്കുന്നതു ഈ എണ്ണയുടെ മേന്മവച്ചായിരിക്കും—അല്ലേ വൈദ്യരേ.

കൊച്ചു:—മാത്രമല്ല സുകുമാരാ. ഭൃംഗൻ, ഭൃംഗൻ എന്നു വച്ചാ 'സരസസരസമായി ചുററിനടക്കുന്നവൻ' എന്നൊരന്തരാർത്ഥമുണ്ടു്—എന്തിനു ചുററിനടക്കുന്നവൻ?—കുസുമങ്ങളെ തേടിത്തേടി—മനസ്സിലായില്ലേ?—ഒരു ഇരുപതു ഇരുപത്തിനാലിലൊക്കെ സുകുമാരൻ എന്നെ കണ്ടിട്ടില്ലല്ലോ—അയ്യയ്യോ—എങ്ങനെ ഇരുന്നെന്നറിയാമോ. നല്ല പൂക്കുല അമിട്ടു പൊട്ടിയപോലെയല്ലേ—പിന്നീടല്ലേ ഇങ്ങനെ ഡിമ്മായി പോയതു്.

വൈദ്യ:—ഹയ്യ! നാണമാവുന്നില്ലല്ലോ. തന്നത്താനിരുന്നു വർണ്ണിക്കാൻ. പെരിഞ്ചക്കോടന്റെ കണക്കിരിക്കുന്ന ഇങ്ങേരു ഇരുപത്തിനാലിൽ പിന്നെ പറയണോ? മദനൻ! സാക്ഷാൽ മദനനായിരുന്നു!!

---

ആയുരാരോഗ്യവാനായി നെടുനാൾ ജീവിച്ചിരിക്കട്ടെ എന്നു വികടകേസരി ജഗദീശ്വരനോടു പ്രാർത്ഥിക്കുന്നു. കടപ്പാക്കടയിൽ ഒരു ഏടാകൂടത്തിന്റെ ശല്യം ഉണ്ടുപോൽ. ചിന്നക്കടയിൽ അന്നപൂർണ്ണാലയം ദിനംതോറും മെച്ചമായി നടന്നുവരുന്നു. മെയിൻ റോഡിൽ മി. പത്മനാഭനാചാരിയുടെ സ്വർണ്ണക്കട ഉത്തരോത്തരം അഭിവൃദ്ധിയിൽ. മാസിക വിലാസക്കാർക്കു ശരിയായികിട്ടുന്നില്ലെന്നു് പലരും പരാതികൾ പറയുന്നു. ട്രാ: സ്റ്റാൻഡിൽ മോഡേൺ ഹോട്ടൽ പൂർവ്വാധികം നന്നായിരിക്കുന്നു. ചിന്നക്കടയിൽ സരസ്വതിവിലാസവും മെഹർബൻ ഹോട്ടലും ശുചിക്കും രുചിക്കും മെച്ചമാണു്. രാമകൃഷ്ണാ ഇലക്ട്രിക്ക്‌വർക്കു് പുരോഗതിയിൽ.

പോത്തൻകോട്ടു്:—വിശ്വവിലാസ് ഫാർമസി മേൽക്കുമേൽ അഭിവൃദ്ധിയിൽ. ചന്തയിലെ അട്ടഹാസം അന്വേഷണത്തിൽ. രാധാടാക്കീസ് ഭംഗിയായി നടക്കുന്നു. ചക്കാത്തു വായനക്കാരുടെ പേരുവിവരം പുറകെ.

കഠിനംകുളം:—"കഠിനംകുളം പകുതിയിൽ ഇപ്പോൾ നിലവിലിരിക്കുന്ന റേഷൻ ഡിപ്പോകളെ ഒന്നടങ്കം റദ്ദു് ചെയ്തിട്ടു സുന്ദരമായ ഭാവി കെട്ടിപ്പടുക്കുന്നതിനു വേണ്ടി ടി റേഷൻ കടകളെല്ലാം പുതിയ ലൈസൻസികൾ കൊടുത്താൽ റേഷൻ ഫ്രീയായി നാട്ടുകാർക്കു് അവർ നല്കുന്നതാണു്. ഇതിനെ കുറിച്ചു നല്ല ഒരു ലേഖനം ഉടനെ പത്രങ്ങൾ വഴി പ്രസിദ്ധപ്പെടുത്തുന്നതാണു്."

മുരുക്കുംപുഴ:—സ്റ്റേഷനറികൾ, സിഗരററുകൾ, ബീഡി, പുകയില ഇവകൾക്കു ധർ & Co യിൽ അന്വേഷിക്കുക. ഒരു ക്ഷയരോഗിക്കു മാസികകൾ ചക്കാത്തിൽ വായിക്കാൻ ആഗ്രഹമുണ്ടുപോൽ. പക്ഷേ പേജു് കുറവാണെന്നു പരാതി പറയുന്നതാണു് അതിനെക്കാളും തൊലിക്കട്ടി. കഷ്ടം തന്നെ. കടവിലും പരിസരങ്ങളിലും ചൂതുകളി ഭംഗിയായി നടക്കുന്നു. കഴക്കൂട്ടം പോലീസിന്റെ ശ്രദ്ധ തെളിഞ്ഞു പതിയേണ്ടതാണു്.

കഴക്കൂട്ടം:—ഒരു ചട്ടമ്പി ചായക്കടക്കാരന്റെ ചായ സല്ക്കാരം തരക്കേടില്ല. ഓസുവായനക്കാർ അടുത്തതിൽ.

കണിയാപുരം:—പരോപകാരിയായ ജനാബു് ഇസ്മായിൽപിള്ളലബ്ബ നാട്ടുകാരുടെ കണ്ണിലുണ്ണിയും കെടാവിളക്കുമാണു്.

വിതുര:—മലയടി കൃഷ്ണൻ വൈദ്യനും കൺട്രക്റ്റർ മി. അനിരുദ്ധനും വികടകേസരിയെ കൂടെ ഗൌനിക്കണേ!

പലവക:—പരവൂർ കമ്പോളത്തിൽ ഒരു മൂത്രപ്പുരയുടെ അത്യാവശ്യം ഉടനടി വേണ്ടതാണു്. പരവൂർ വരുന്നവർ മൂത്രമൊഴിക്കാൻ മയ്യനാടുവരെ പോകേണ്ടി വരുന്നു. സ്ത്രീകൾക്കാണു കൂടുതൽ കഷ്ടത. കൊല്ലത്തു ഹിമാലയൻ ക്ലീൻഷേവിംഗ്സ് മെച്ചമായ രീതിയിൽ നടന്നു വരുന്നു. ചങ്ങനാശ്ശേരി കവലയിൽ ഒരു യക്ഷിയുടെ ആവാഹം ഉണ്ടെന്നു കുറിച്ചിയിൽ ഒരു സംസാരം. നടക്കുന്നു. കുമാരനല്ലൂർ ക്ഷേത്രം ദേവസ്വം മാനേജർ ശ്രീ. തുപ്പൻനമ്പൂതിരിയുടെഭരണം ഏവക്കും തൃപ്തികരം. മട്ടാഞ്ചേരി മുതലാളിയുടെ ഇടകൊച്ചി സക്കീട്ടു് അത്ര പററിയതല്ല.

കൊച്ചാ:—വൈദേഹി നീ കുറേനേരമായി എന്നെ അലക്ഷ്യമാക്കി ഓരോന്നു സംസാരിക്കുന്നു. നിറുത്തണം, നാം ആജ്ഞാപിക്കുന്നു! മഞ്ചാടി മൂട്ടിൽ കൊച്ചാദിയുടെ തനിനിറം നീ കണ്ടിട്ടില്ല. ഏഴുകൊല കൊന്നവനാടീ—ഈ കൊച്ചാദി—നിനക്കറിയാമോ? ഏഴുകൊല.

വൈദേ:—ഏഴല്ല—എഴുന്നൂറു കൊല കൊന്നിരിക്കും. ഉടൻകൊല്ലി വൈദ്യൻ എന്ന സ്ഥാനപ്പേരു സമ്പാദിച്ച ആളല്ലെ?

(വൈദ്യൻ ചാടി എഴുന്നേററിട്ടു പെട്ടെന്നിരിക്കുന്നു)

സുകുമാ:—അല്ലാ—വൈദ്യർക്കു ദേഷ്യം വന്നു തുടങ്ങിയോ. ക്ഷമിക്കണം വൈദ്യരേ. സ്ത്രീകൾക്കു ഭർത്താക്കന്മാരോടു ഒരു സ്വാതന്ത്ര്യമുള്ളതുകൊണ്ടു് അവരിങ്ങനെ ഒക്കെ സംസാരിക്കുന്നതല്ലേ. അതനുവദിച്ചു കൊടുക്കണം വൈദ്യരേ—പാവങ്ങൾ!!

വൈദേ.—പിന്നേ—സുകുമാരൻ എപ്പോഴും ഇവിടെ കാണുല്ല ഓർമ്മിച്ചോളണം. വല്ലവരും വീട്ടിൽ വന്നുപോയാലുടനെ കുറെ ചന്തം പറച്ചിലുണ്ടു്. ഈ ചാട്ടമൊന്നും ഇങ്ങോട്ടെടുക്കേണ്ടാ.

കൊച്ചാ.—എന്തു പറഞ്ഞെടീ.

വൈദേ.—എടീ! എടീ! എന്നു വല്ല പൊട്ടികളെയും വിളിച്ചോളണം. പണ്ടത്തെ ആ ഉലക്കത്തടി കൊച്ചുമ്മിണിയല്ല ഇതു്. ഹെഡ്മിസ്ത്രസ് വൈദേഹിയാണു് മനസ്സിലായോ, ഭാര്യയാണെന്നു പറഞ്ഞു......എനിക്കു എന്റെ നാക്കു ചൊറിയുന്നു........

സുകുമാ.—വൈദേഹിഅക്കാ—വൈദ്യരേ—എനിക്കു ഇതു പ്രയാസമാണു്—ഞാൻ ഇപ്പോൾ ഇവിടെ നിന്നിറങ്ങിപ്പോയ്ക്കളയും.

കൊച്ചാ.—മാറി നില്ലു സുകുമാരാ—ഇവളെന്താണിപ്പറയുന്നതു്—എന്തു പറഞ്ഞെടീ.

വൈദേ.—മാറിക്കൊട്ടു സുകുമാരാ —നീ എന്തിനു തടുക്കുന്നു. എന്നെ കൊല്ലാമെങ്കിൽ കൊല്ലട്ടെ—(കരച്ചിലിനിടയ്ക്കു) കേട്ടോ സുകുമാരാ എനിക്കിതു വരേണ്ടതു തന്നെ—മൂന്നരക്കൊല്ലമായെടാ—മൂന്നരക്കൊല്ലം—ഞാൻ ഇവിടെ വന്നിട്ടു—നീ കണ്ണുതുറന്നുനോക്കു-എഴുപതിന്റെ അങ്ങേവശമല്ലാതെ-ഇങ്ങേവശം നിൽക്കുമോ. ഈ എന്നെയും നീ നോക്കു-[illegible]ടെ പ്രായമല്ലെ എനിക്കുള്ള-അന്നു ഞാൻ വയ്യാന്നു പറഞ്ഞിട്ടു ആ ഭരണിക്കാവിലെ അമ്മാവൻ ഒരുത്തന്റെ നിർബ്ബന്ധമായിരുന്നു. എനിക്കു--ജീവിതത്തിൽ-എന്തൊരു സുഖമുണ്ടു്.-ഒരു കുഞ്ഞില്ല-ഒരു കുഞ്ഞിന്റെ മുഖംകണ്ടു-ഒരു കുഞ്ഞിനെ താരാട്ടി ഉറക്കാൻ-എനിക്കു .... (വീണ്ടും തുടന്നു കരച്ചിൽ)

സുകുമാ.-അതൊക്കെ വിധിബലമാണക്കാ. അതിൽ സങ്കടപ്പെടരുതു്. കുഞ്ഞുങ്ങൾ ദൈവത്തിന്റെ വകയാണു്.

കൊച്ചാ.-അതും ഞാൻ പറയാറുള്ള കാര്യം തന്നെ-സുകുമാരനു കേൾക്കണോ. വന്ന അന്നുമുതൽ ഞാൻ പറയും-നീ, തിങ്കളാഴ്ച നോമ്പു പിടിക്കണം പിടിക്കണം-എന്നു്-എന്നും അമ്പലത്തിൽ തൊഴാൻപോകണമെന്നു പറയും-പതിഭക്തിയോടും ദൈവവിശ്വാസത്തോടും കഴിയാതെ-കുഞ്ഞുവേണം കുഞ്ഞുവേണം എന്നു പാടിയാൽ-? വിവരമില്ല!!

വൈദേ.-കുന്തം! നാക്കിനു നീളമുണ്ടെങ്കിൽ എന്തും എഴുന്നള്ളിക്കാം. ഇങ്ങേരെ ഡാപ്പനുസരിച്ചാണു് ഓരോ സ്ഥലത്തു കുഞ്ഞുങ്ങൾ ഉണ്ടായിരിക്കുന്നതു്. തിങ്കളാഴ്ച വ്രതക്കാരൻ വന്നിരിക്കുന്നു!! ആ അങ്ങേ പറമ്പിലെ തേവന്റെ പുലയി പതിനൊന്നു പ്രസവിച്ചു. അറിയാമോ-കോന്തിലയ്ക്കു മക്കൾ പതിനൊന്നില്ലെ-അവർ തിങ്കളാഴ്ച നോൻപുമായി അമ്പലത്തിൽ തൊഴാൻ വന്നോ-പിന്നെ-അവനുണ്ടല്ലോ-തേവൻ അവൻ ആണാണു്!

സുകുമാ.-ചേട്ടത്തീ-എന്റെ പൊന്നു ചേട്ടത്തി കരച്ചിലൊന്നു നിറുത്തു്. വൈദ്യർ അവിടിരിക്കണം-നിങ്ങൾ രണ്ടുപേരും പരസ്പരം ആക്ഷേപിക്കരുതു്. കുടുംബ കലഹം വെറും വൃത്തികേടാണു്.

കൊച്ചാ.-എന്തെങ്കിലും ഒരു മുഷിവു തോന്നിയാലുടൻ അവർക്കു എന്നെ കീറി കുടിക്കണം.-സുകുമാരാ നേരുപറഞ്ഞാൽ ഞാൻ കൊച്ചുമ്മിണിയെക്കാൾ പതിനൊന്നു വയസ്സിനു ചെറുപ്പമായിരുന്നു. ഞങ്ങളുടെ കുടുംബത്തിലെ പുരുഷന്മാർക്കു-കേട്ടോ പൊന്നാ-ഇരുപത്തിനാലിൽ കഷണ്ടി തുടങ്ങും! ഇരുപത്തിനാലിൽ!

സുകുമാ.-അതെ അതെ-അതു ചില കുടുംബത്തിൽ കഷണ്ടിപാരമ്പര്യമാണു്. എനിക്കറിയാം-നമ്മുടെ കിഴക്കേ വിളയിൽ ഗോപാലൻ സാറിനു മുഴുക്കഷണ്ടിയല്ലെ? പ്രായം മുപ്പതു മാത്രമല്ല ഉള്ളു.

വൈദേ:-അതിനു ഞാനെന്തു വേണം. മുടി കെട്ടിവയ്ക്കാത്തതിൽ ഞാൻ പരാതി പറഞ്ഞോ?

കൊച്ചാ.-കേട്ടോ സുകുമാരാ-ശാസ്താംപൂജ-മുടങ്ങാതെ പന്ത്രണ്ടുകൊല്ലം നടത്തണമെന്നു ഞാൻ തീരുമാനിച്ചുപോയി. അതിനുശേഷം സ്ത്രീകളോടു് സംഭാഷണത്തിൽ ഏർപ്പെടാൻ തന്നെ വിധിഇല്ലാത്തതാണു്. "സ്ത്രീണാഞ്ച ചിത്തം പുരുഷസ്യ ശാസ്താം" എന്നല്ലെ പ്രമാണം.

വൈദേ.-ഇതാരാണു് ഈ പ്രമാണം എഴുതിത്തന്ന ചെകുത്താൻ. കൊച്ചുമ്മിണി മൂത്തമ്മയുടെ തന്തയാൻ ആ ഉണിക്കോരച്ചാരായിരിക്കും-മര്യാദയ്ക്കു മിണ്ടാതിരിക്കണം. (തുടരും)

# A. S. S. മാർക്ക് നല്ലെണ്ണ

# ഔവർ ബുക്ക്സ്റ്റാൾ

ബസ്സ്സ്റ്റാൻഡ് :: നെടുമങ്ങാട്ട്.

നോവലുകൾ, ചെറുകഥകൾ, കവിതകൾ, ശാസ്ത്രീയഗ്രന്ഥങ്ങൾ, മാർക്സിസ്റ്റുസാഹിത്യഗ്രന്ഥങ്ങൾ, പുരോഗമന വാരികകൾ, മാസികകൾ എന്നിവക്കും ഫോട്ടോ ഫ്രെയിമിംഗിനും ഞങ്ങളെ സമീപിക്കുക.

Prop:-K. Thankappan Pillay

## കലൈനേശൻ

പത്രലോകത്തിൽ അത്ഭുതകരമായ വാർത്തകൾ!

സിനിമാലോകത്തിൽ കോളിളക്കം സൃഷ്ടിക്കുന്ന പത്രിക!

പത്രാധിപർ.—A. D. സഭാപതി.

സ്ഥലത്തെ ഏജൻറുവശം കിട്ടുന്നതാണ്.

ഒററപ്രതി 2 ണ.

വിവരങ്ങൾക്ക്

കലൈനേശൻ മദ്രാസ് 14.

## സന്ദർശിക്കുവിൻ!

# ആസാദ്ഹോട്ടൽ

എ വി ടെ ?

പഴവങ്ങാടി :: തിരുവനന്തപുരം.

# ദന്താശുപത്രി

(കമ്പോളത്തിനു തെക്കുവശം)

## S. പരവൂർ

ബ്രാഞ്ച് കൊട്ടിയം.

പല്ലുസംബന്ധമായ എല്ലാരോഗങ്ങൾക്കും ഇവിടെ ചികിത്സിക്കുന്നതാണ്.

ഡാക്ടർ. എ. രഘുനാഥൻ

ഫോൺ നമ്പർ 263

കൊല്ലത്തു വന്നു ചേന്നു

## പുതിയതരം കുടകൾ

വളരെക്കാലം ഉപയോഗിക്കാമെന്നുള്ളതും വില കുറവുള്ളതും ഭംഗിയേറിയതുമായ പലതരം കുടകൾ വന്നു ചേന്നിരിക്കുന്നു. ഉടൻ അന്വേഷിക്കുക.

വി. കുട്ടൻപിള്ള, കുടവ്യാപാരം,
വടയാററുകോട്ട—കൊല്ലം.


വികടകേസരി

## പരസ്യനിരക്ക്

| | ക. ണ. സ. |
|---|---|
| കവർ നാലാം പേജ് | 75—0—0 |
| ,, 2 ,, | 50—0—0 |
| ,, 3 ,, | 50—0—0 |
| കവറിനുള്ളിൽ : | 45—0—0 |
| ഒരിഞ്ചുകാളം | 3—8—0 |

പരസ്യ ചാർജ്ജ് മുൻകൂർ


# The Ramakrishna Electric Works

**CHINNAKKADA :: QUILON**

Specialists in Winding & Repairs of A. C. and D. C. Generators Motor converters, Transformers and Dynamos Etc, Etc.

ഫോൺ നമ്പർ 2583.

# — പി. മാധവൻതമ്പി —

വെങ്കലപാത്രവ്യാപാരം, ചാല-തിരുവനന്തപുരം.

ഉറപ്പ്, ഭംഗി, ഒരേവില.

ഞങ്ങളുടെ മുദ്രയുള്ള പാത്രങ്ങൾക്ക് പരിപൂർണ്ണ ഉത്തരവാദിത്വം.

N. B. ഞായറാഴ്ച കട തുറക്കുന്നതല്ല.

## ആതുരാരോഗ്യസംവർദ്ധിനി ആയുർവേദ വൈദ്യശാല

ചേർത്തലറോഡ് — — ആലപ്പുഴ.

ജ്യോതി ശ്രീ. കെ. ജി. ആണ്ടിവൈദ്യരുടെ സിദ്ധൌഷധങ്ങളിൽ അജമാംസ രസായനം നഷ്ടപ്പെട്ടുപോയ ധാതുക്കളെ വീണ്ടെടുക്കുവാനും ദേഹാരോഗ്യത്തിനും അത്യുത്തമം.

റാത്തൽ ഒന്നുക്ക് വില 10 രൂ. 12 ണ.

# അംബികവിലാസം റെസ്റ്റാറൻറ്

മീനാംബികാ തിയേറററിനു മുൻവശം, ആററിങ്ങൽ.

പൊതുജനങ്ങളുടെ സൗകര്യത്തെ ഉദ്ദേശിച്ചിട്ടുള്ള ഏകസ്ഥാപനം. ഏററവും രുചികരമായ പദാർത്ഥങ്ങൾ ഏവർക്കും തൃപ്തികരമായ രീതിയിൽ, എപ്പോഴും തയ്യാർ.

പ്രൊ: പി, ശങ്കരൻനായർ.

# Radhakrishna Motor Works

Vadayattukotta, Quilon.

**വെൽഡിംഗ്** അലുമിനിയം, കാസ്റ്റയേൺ, ബ്രാസ്, കാപ്പർ, അയേൺസ്റ്റീൽ മുതലായ എല്ലാ ലോഹങ്ങളും മിതമായ ചാർജ്ജിൽ വെൽഡ് ചെയ്തു കൊടുക്കപ്പെടും.

സന്ദർശിക്കുവിൻ

# ശ്രീ രാമകൃഷ്ണാ ലഞ്ച്ഹോം

ബസ്സ്സ്റ്റാൻഡ്—കായംകുളം

ഊണും കാഫിയും ഒന്നിനൊന്നു മെച്ചം എന്നാണ് അനുഭവസ്ഥർ പറയുന്നതു്.

താമസത്തിനു സൗകര്യപ്രദമായ മുറികൾ വാടകയ്ക്കു കൊടുക്കപ്പെടും.

# ഇംഗ്ലീഷ് പഠിക്കാത്തവർ

അക്ഷരം മുതൽ ആരംഭിച്ചു ഒരേ ഒരു വർഷത്തിനകം നാലാം ഫാറത്തിനു തുല്യമായ ഇംഗ്ലീഷ് പരിജ്ഞാനം നൽകാം. അതുകഴിഞ്ഞു് രണ്ടുവർഷത്തിനകം മദ്രാസ് മെട്രിക്കുലേഷൻ ജയിക്കാം. പിന്നീടുള്ള രണ്ടുവർഷത്തിനകം ഇൻറർമീഡ്യേററു പരീക്ഷയും ജയിക്കാം. ജയിച്ചാൽ ബി. ഏ. ക്ലാസ്സിൽ പ്രവേശനം ലഭിക്കും. സ്ത്രീകൾക്കു ബി. ഏ. പരീക്ഷക്കുംപ്രൈവററായിചേരാം.

## ★ ദുഃഖിക്കരുതു് ★

ഇപ്രകാരം ഇംഗ്ലീഷ് അക്ഷരംപോലും വശമില്ലാത്ത ഒരാൾക്കു സ്വന്തഭവനത്തിൽ താമസിച്ചു് ഒരു സ്കൂളിലും കാളേജിലും പോകാതെ ബി. ഏ. ജയിക്കാം. അന്യാശ്രയമേ വേണ്ട. അപേക്ഷകർ ഏതു ക്ലാസ്സുവരെ പഠിച്ചിട്ടുണ്ടെന്നു കാണിച്ചു 4 ണ. സ്റ്റാമ്പുസഹിതം അപേക്ഷിക്കുക.

മാനേജർ,

## കേംബ്രിഡ്ജ് കാളേജ്,

കൈതമുക്ക്, V. K. തിരുവനന്തപുരം.

Reg. No: M. 5922 VIKATAKESARY Dated 29-9-1949


## :: നിങ്ങൾ അറിഞ്ഞോ! ::

കലപ്പില്ലാത്ത കക്ണ്ടു് ഇവിടെ
കിട്ടുന്നതാണു്. കച്ചവടക്കാൎക്കു്
മൊത്തമായും, ചില്ലറയായും
ലഭിക്കുന്നതാണു്.

മിതമായ വില.

ഒരിക്കൽ പരീക്ഷിക്കുവിൻ!

കരമന—തിരുവനന്തപുരം.

**പ്രൊ:—എം. അനന്തുമൂപ്പനാർ**


Edited Printed and Published by Ulloor R. Krishnan Nair at the
Bharathy Printing Works, Kythamukku, Tvm.